ജനസംസ്കാരകേന്ദ്രത്തിന്റെ
# ജനനീതി

161

സെപ്തംബർ 2010

3.00 ക.



2010 ആഗസ്റ്റ് 7ന് കാതിക്കൂടത്തെ സമരക്കാരെ അഭി സംബോധന ചെയ്തുകൊണ്ട് പ്രശസ്ത പരിസ്ഥിതി പ്രവർത്തക മേധാ പഠ്ക്കർ പ്രസംഗിക്കുന്നു.

# ഡോ. നല്ലതമ്പി അടയാളപ്പെടുത്തിയത്

**മക്തബ്**

മഹാ പ്രസ്ഥാനങ്ങളും പരിവാരങ്ങളും ഒന്നും പിറകിൽ ഇല്ലാതിരുന്നിട്ടും ഡോ നല്ലതമ്പി ചരിത്രത്തിൽ സ്ഥാനം പിടിച്ചത് സമൂഹത്തിന്റെ അടിത്തട്ടിൽകിടന്ന ഒരു ജനതക്കു വേണ്ടി ഒറ്റയാൾ പോരാട്ടം നടത്തികൊണ്ടായിരുന്നു. ആദിവാസികളുടെ അന്യാധീനപ്പെട്ട ഭൂമി തിരിച്ചു പിടിക്കണമെന്ന് ആവശ്യപ്പെട്ട് അദ്ദേഹം നിയമ യുദ്ധം നടത്തി. അങ്ങനെയായിരുന്നു സുപ്രീം കോടതി ആദിവാസികളുടെ അന്യാധീനപ്പെട്ട ഭൂമി തിരിച്ചു പിടിക്കണമെന്ന വിധി പുറപ്പെടുവിച്ചത്. ഇതിന് എതിരേ നിയമ നിർമാണത്തിനു വേണ്ടിയായിരുന്നു കേരളത്തിലെ രാഷ്ട്രീയ കക്ഷികൾ ഒന്നടങ്കം നിയമ ഭേദഗതിക്കായി രാഷ്ട്രപതിയെ കണ്ടത്. ഇന്നിപ്പോൾ പലരും ആദിവാസി സംരക്ഷകരായി മാറിയിട്ടുണ്ട്. എന്നാൽ 1975 കാലഘട്ടത്തിൽ അവർ ആദിവാസികൾക്കെതിരെ ഒറ്റക്കെട്ടായിരുന്നു. ആദിവാസികളുടെ പക്ഷത്ത് ഡോ. നല്ലതമ്പി മാത്രവും.

തിരുവനന്തപുരം സ്വദേശിയായ ഡോ. നല്ലതമ്പി ചെന്നൈയിൽനിന്ന് എം.ബി.ബി.എസ്. ബിരുദമെടുത്താണ് വയനാടൻ മഞ്ഞുമലകളിൽ എത്തുന്നത്. സാധാരണ ഒരു ഡോക്ടറെ പോലെ പണമുണ്ടാക്കാനുള്ള വഴി തേടിയായിരുന്നില്ല അദ്ദേഹം ചുരം കയറിയത്. തന്റെ മെഡിക്കൽ ബിരുദം സമൂഹത്തിലെ ഏറ്റവും ദരിദ്രരായ മനുഷ്യർക്കു വേണ്ടി പ്രയോജനപ്പെടുത്താൻ വേണ്ടിയായിരുന്നു.

വയനാട്ടിൽ എത്തിയ അദ്ദേഹം ജീവിതം ആദിവാസികൾക്കു വേണ്ടി സമർപ്പിക്കുകയായിരുന്നു. അദ്ദേഹം ഒരു സംഘടനയുടേയും ഭാഗമായിരുന്നില്ല. ആദിവാസികൾക്കുവേണ്ടി അദ്ദേഹം ഏകനായി ഒട്ടനവധി നിയമ പോരാട്ടങ്ങൾ നടത്തി. ഓർക്കുക ആദിവാസികൾക്ക് സംഘടനയൊന്നും ഇല്ലാതിരുന്ന കാലത്തായിരുന്നു ഡോ. നല്ലതമ്പി അവർക്കു വേണ്ടി നിയമ യുദ്ധം നടത്തിയത്. സ്വന്തം കയ്യിൽനിന്ന് പണം ചെലവഴിച്ചുകൊണ്ടായിരുന്നു അദ്ദേഹത്തിന്റെ പോരാട്ടം. വർഗ വാദികളും സ്വത്വ വാദികളും ഒന്നും ജീവിതത്തിൽ കാണിക്കാത്ത ഒരു മാതൃകയും അദ്ദേഹം സ്വന്തം ജീവിതത്തിൽ പകർത്തി. അത് വയനാട്ടിൽനിന്ന് ഒരു ആദിവാസി സ്ത്രീയെ വിവാഹം കഴിച്ചതായിരുന്നു.

ഡോ. നല്ലതമ്പിയുടെ മറ്റൊരു പ്രധാന സവിശേഷത മരിക്കുംവരെ അദ്ദേഹത്തിന് ഒരു തുണ്ട് ഭൂമി സ്വന്തമായി ഉണ്ടായിരുന്നില്ലെന്നതാണ്. വാടക ക്വാർട്ടേഴ്സിലായിരുന്നു ഇക്കാലമത്രയും കുടുംബസമേതം അദ്ദേഹം താമസിച്ചിരുന്നത്.

ആദിവാസികൾ അനുഭവിക്കുന്ന സവിശേഷമായ പ്രശ്നങ്ങൾ തിരിച്ചറിഞ്ഞുവെന്നതാണ്, അതും എത്രയോ കാലം മുമ്പ്തന്നെ, ഡോ. നല്ലതമ്പിയെ വ്യത്യസ്തനാക്കുന്നത്. അതിനുവേണ്ടി അദ്ദേഹം ജീവിതകാലം മുഴുവൻ പടപൊരുതി. അതിന്റെ തുടർച്ചയാണ് കേരളത്തിൽ ആദിവാസികൾ മണ്ണിനു വേണ്ടി സമീപ കാലത്ത് നടത്തിയ സമരങ്ങൾ. അത്രത്തോളം ചരിത്ര പ്രാധാന്യമുള്ള ഒരു ജീവിതത്തിന്റെ ഉടമയാണ് നമ്മോട് യാത്ര പറഞ്ഞു പോയത്. (പാഠഭേദം) ❑




**ജനനീതി**

സെപ്തംബർ 2010

**161**

പത്രാധിപർ:

**ടി.വി. അച്ചുതവാരിയർ**

പത്രാധിപസമിതി:

**കെ.ജി. ശങ്കരപ്പിള്ള**
**സി.പി. ഗംഗാധരൻ**
**ഫ്രാൻസീസ് സേവ്യർ**
**പി.എസ്. മനോജ്കുമാർ**
**പി.എൻ. ഗോപീകൃഷ്ണൻ**
**എൻ.എൻ. ഗോകുൽദാസ്**
**ജോർജ്ജ് പുലികുത്തിയിൽ**

**ജനനീതി**
**പി.ബി. നമ്പർ 8**
**തോട്ടപ്പടി, മണ്ണുത്തി പോസ്റ്റ്**
**തൃശൂർ – 680 651**

Tel :-487 2373479, 2373281
Fax:-487- 2373281
E-mail: gpneethi@sancharnet.in
Web: www.jananeethi.org


എഡിറ്റോറിയൽ

# അരാജകത്വത്തിലേക്ക് വഴുതി വീഴുന്ന ഇന്ത്യൻ ജനാധിപത്യം

പറയേണ്ടിവരുമ്പോൾ വേദന തോന്നുന്നു. പക്ഷെ പറയാതിരിക്കാനാവില്ല. നമ്മുടെ ഈ പോക്ക് എങ്ങോട്ടാണ്? അനേകം മഹാരഥന്മാർ സീമാതീതമായ ത്യാഗങ്ങൾ സഹിച്ചാണ് ഇന്ത്യയെ കൊളോണിയൽ ഭരണത്തിൽനിന്ന് മോചിപ്പിച്ചതെന്ന് നമുക്കെല്ലാം അറിയാം. വകതിരിവില്ലാത്ത പ്രവർത്തനങ്ങളിലൂടെ നാം ആ സ്വാതന്ത്ര്യത്തെ കളഞ്ഞു കുളിക്കാൻ പോകുകയാണോ? സ്വാതന്ത്ര്യം എന്ന വാക്കിന്റെ അർത്ഥം പോലും അറിവില്ലാത്ത രീതിയിലാണ് ജനവിഭാഗങ്ങളിൽ പലതും പെരുമാറുന്നത്. ഉത്തരവാദിത്വ ബോധമില്ലാത്ത സ്വാതന്ത്ര്യം വെറും തോന്നിവാസമാണ്.

സ്വാതന്ത്ര്യത്തിന് വേണ്ടി മാത്രം പോരാടി എന്നതാണ് നമ്മുടെ പൂർവ്വികർക്കു പറ്റിയ ഒരബദ്ധമെന്ന് ഇന്ന് പിൻതിരിഞ്ഞു നോക്കുമ്പോൾ തോന്നിപ്പോകുന്നു. ബ്രിട്ടനിലും ഫ്രാൻസിലും അമേരിക്കയിലും റഷ്യയിലുമെല്ലാം നടന്നത് ജനാധിപത്യത്തിന്നുവേണ്ടിയുള്ള പോരാട്ടങ്ങളായിരുന്നു. ജനാധിപത്യത്തിന്റെ വില അറിയുന്നവരാണ് അവിടങ്ങളിലെ ജനങ്ങളെല്ലാം. ജനാധിപത്യം കാത്തു രക്ഷിക്കാനായി എന്തു ത്യാഗം സഹിക്കാനും അവർ തയ്യാറാണ്. ഇന്ത്യക്കാരായ നമ്മൾ ചെയ്യുന്നതെന്താണ്? ജനാധിപത്യം ഏതു വഴിക്കു പോയാലും വേണ്ടില്ല, സ്വാതന്ത്ര്യം വേണമെന്നേ നാം കരുതുന്നുള്ളൂ. വളരും തോറും പിളരുകയും പിളരും തോറും വളരുകയും ചെയ്യുന്ന പാർട്ടി എന്ന വിശേഷണം അഭിമാനപൂർവ്വം കൊണ്ടുനടക്കുന്നത് കേരള കോൺഗ്രസ്സാണെങ്കിലും, ഇന്ത്യയിലെ എല്ലാ പാർട്ടികൾക്കും ചേരുന്ന ഒരു വിശേഷണമാണത്. എ,ബി,സി,ഡി എന്നിങ്ങനെ അക്ഷര

മാലാ ക്രമത്തിൽ പാർട്ടികളെ വേർതിരിക്കുന്ന മറ്റൊരു രാജ്യവും ലോകത്തിലുണ്ടാകാനിടയില്ല. അക്ഷരമാലയിലെ ഏതക്ഷരം അലങ്കാരമായി സ്വീകരിച്ചാലും ശരി, ഒരു പാർട്ടിയും ജനാധിപത്യപരമായി പ്രവർത്തിക്കില്ലെന്നത് തീർച്ചയാണ്. ആഭ്യന്തര ജനാധിപത്യമില്ലാത്ത പാർട്ടികൾ അധികാരം കയ്യാളുമ്പോൾ, അവിടേയും ജനാധിപത്യമുണ്ടാവില്ലെന്നത് ഉറപ്പാണ്. മക്കളേയും മരുമക്കളേയും അധികാരത്തിൽ കൊണ്ടുവരാൻ ശ്രമിക്കാത്ത എത്ര ഭരണാധികാരികൾ ഇന്ത്യയിലുണ്ടാകും? അധികാരത്തിലിരിക്കുന്നവർ സ്വന്തക്കാരേയും വേണ്ടപ്പെട്ടവരേയും അധികാരസ്ഥാനങ്ങളിൽ വാഴിക്കാൻ ശ്രമിക്കുന്നത് ഒരു മാനുഷിക ദൗർബ്ബല്യമെന്നനിലക്ക് നമുക്കു മനസ്സിലാക്കാം. എന്നാൽ ഇതൊക്കെ കണ്ടിട്ടും ഇതിലൊന്ന് പ്രതിഷേധിക്കണമെന്ന് തോന്നുക പോലും ചെയ്യാത്ത ജനങ്ങളെ നമുക്കെങ്ങനെ മനസ്സിലാക്കാം; പൊറുക്കാം.

ഇന്ത്യയിൽ കിഴക്കുമുതൽ പടിഞ്ഞാറുവരേയും തെക്കുമുതൽ വടക്കുവരേയും അസ്വാസ്ഥ്യം നടമാടിക്കൊണ്ടിരിക്കുകയാണ്. പക്ഷെ ഭരണാധികാരികൾക്ക് ഒരസ്വാസ്ഥ്യവും തോന്നുന്നില്ല. ഒരു ഡസൻ വർഗ്ഗത്തിൽപെട്ട പോലീസുകാരുണ്ട്. അവരെ കയറൂരിവിട്ട് ഭരണാധികാരികൾ സുഖമായി വാഴുന്നു. ഒരു പ്രധാനമന്ത്രിയുണ്ട്. അദ്ദേഹത്തിന്ന് അണുശക്തി കാര്യങ്ങളിൽ മാത്രമേ താല്പര്യമുള്ളൂ. അതിന്നപ്പുറം അദ്ദേഹത്തിന്ന് താല്പര്യമുള്ള ഒരു വിഷയം ലോകരക്ഷാ സമിതിയിൽ അമേരിക്കയോടൊപ്പം സ്ഥിരാംഗമാകണമെന്നതിലാണ്. എന്താണതുകൊണ്ട് ഇന്ത്യക്കോ ലോകത്തിന്നോ ഒരു പ്രയോജനമുണ്ടാവുക എന്നാരും വിശദീകരിച്ചിട്ടില്ല. ഏതായാലും കോഴിക്ക് മുലവരുന്നതും കാത്തിരിക്കുന്നതുപോലെ അദ്ദേഹം കാത്തിരിക്കുന്നു. സാധാരണയായി രാജ്യകാര്യങ്ങൾ നയിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്നത് പ്രധാനമന്ത്രിയാണ്. പക്ഷെ നമ്മുടെ പ്രധാനമന്ത്രിക്ക് അതിനൊന്നും നേരമില്ലെന്നു തോന്നുന്നു. പ്രധാനമന്ത്രിയെ പിടിച്ചിരുത്തി വിസ്തരിക്കാൻ ജനങ്ങൾക്ക് - പത്രക്കാർക്ക് - ലഭിക്കുന്ന ഒരേ ഒരവസരം പത്രസമ്മേളനങ്ങളാണ്. നമ്മുടെ പ്രധാന മന്ത്രിക്ക് ആ വിദ്യ അറിയില്ലെന്നു തോന്നുന്നു; അതോ ഭയം കൊണ്ടാണോ?

പ്രധാന മന്ത്രി കഴിഞ്ഞാൽ പിന്നെ കാര്യം നോക്കേണ്ടത് ആഭ്യന്തരകാര്യ മന്ത്രിയാണ്. നമുക്ക് ഉഗ്രനായൊരു ആഭ്യന്തരകാര്യ മന്ത്രിയുണ്ടുതാനും. പക്ഷെ അദ്ദേഹം എങ്ങോട്ടു നോക്കിയാലും കണ്ടെത്തുക മാവോയിസ്റ്റുകളെയാണ്. പച്ച പാവങ്ങളെ പോലും മാവോയിസ്റ്റാണെന്നു പറഞ്ഞ് പിടികൂടി ജയിലിനകത്താക്കും. ബ്രിട്ടീഷ് ഭരണകാലത്ത് പാസ്സാക്കിവച്ച ചില നിയമങ്ങളുണ്ട്. പോലീസിന്ന് "സംശയം"തോന്നിയാൽ ആരേയും പിടിച്ച് ലോക്കപ്പിലിടാം. ലോക്കപ്പിലെ ഒരു റൗണ്ട് ചികിത്സ കഴിയുമ്പോഴേക്കും മഹാത്മജിപോലും താനൊരു മാവോയിസ്റ്റാണെന്ന് സമ്മതിച്ചു കളയും. അതോടെ കേസ് തീർന്നു.

ജനാധിപത്യപരമായ പ്രവർത്തനത്തിന്റെ സൂചകങ്ങളായ പാർലിമെന്റ്, നിയമസഭ, കോടതികൾ തുടങ്ങിയവ ഇന്ത്യയിൽ പ്രവർത്തനക്ഷമമാകുന്നത് ചന്തക്കുസമാനമായാണ്. കൂക്കിവിളി, കയ്യാങ്കളി, തെറിപ്പാട്ട്, തുടങ്ങിയവ പാർലിമെന്ററി പ്രവർത്തനത്തിന്നുള്ള സമയം മുഴുവൻ കയ്യടക്കുന്നു. അർത്ഥവത്തായ ഒരു ചർച്ചയും ഒരു സഭയിലും നടക്കാറില്ല. ജഡ്ജിമാരിൽ എൺപതു ശതമാനവും സത്യസന്ധരാണെന്ന് ചീഫ് ജസ്റ്റീസുമാർതന്നെ പറയുമ്പോൾ ബാക്കിയുള്ളവരെല്ലാം അഴിമതിക്കാരാണെന്നാണല്ലൊ അർത്ഥം. അഴിമതിക്ക് പിടികൂടിയ ജഡ്ജിമാരെ തിന്നാനുംവയ്യ തുപ്പാനും വയ്യ എന്ന നിലയിൽ വായയിലുട്ടു നടക്കേണ്ടിവരുന്ന ഒരു ജനതയുടെ ഗതികേടിനെപ്പറ്റി ഒന്നാലോചിച്ചുനോക്കൂ. മോഷ്ടിച്ചത് എത്രയാണെന്നു നോക്കിയല്ല, മോഷ്ടിച്ചത് ഒരു രൂപയാണെങ്കിലും അവനെ കയ്യോടെ പുറത്താക്കുകതന്നെ വേണമെന്നു വിധിച്ച ഒരു സുപ്രീം കോടതി അഴിമതിക്കാരായ ജഡ്ജിമാരെ ചുമന്നു കൊണ്ടു നടക്കുന്ന സ്ഥിതിവിശേഷത്തെപ്പറ്റി ഒന്നോർത്തുനോക്കൂ. എന്നിട്ടും ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യമാണ് നമ്മുടേതെന്ന് അവകാശപ്പെടുന്ന ഒരു ജനതയെപ്പറ്റി എന്തു പറയാനാണ്?



ഈ വിക്രിയ കാണിക്കുന്നത് ഒരു കോൺഗ്രസ്സ് ജനപ്രതിനിധിയാണെന്നറിയുമ്പോൾ നിങ്ങൾക്ക് നാണം തോന്നുന്നില്ലേ?

ഇതൊന്നും അനിവാര്യമായ കാര്യങ്ങളല്ല. നിക്ഷിപ്ത താല്പര്യമൊന്നുമില്ലെങ്കിൽ, ചെയ്യേണ്ടത് ചെയ്യാൻ തന്റേടമുള്ള ഭരണാധികാരികളുണ്ടെങ്കിൽ ഭരണഘടനയെ വെറുമൊരു പൂജാപുസ്തകമായി കരുതാത്തവരുണ്ടെങ്കിൽ, ഈ തോന്നിവാസത്തിനെല്ലാം അറുതി വരുത്താവുന്നതേയുള്ളൂ. ഖജനാവിൽനിന്ന് ഒരു ലക്ഷം രൂപ ശമ്പളം പറ്റുന്ന രാഷ്ട്രപതി വെറുമൊരു അലങ്കാരവസ്തുവായിക്കൂടാ; ജനപ്രതിനിധിസഭകളെ നയിക്കാനും നിയന്ത്രിക്കാനും അധികാരമുള്ള സ്പീക്കർമാർ, ആ ഉത്തരവാദിത്വം നിറവേറ്റണം; ചീഫ് ജസ്റ്റിസ് വെറും ചീഫായിക്കൂടാ. ജഡ്ജിമാരിൽ 80 ശതമാനവും സത്യസന്ധരാണെന്ന് ഒരാൾ പറയുമ്പോൾ അദ്ദേഹം വെറും ചീഫാണ്. ചാട്ടവാറെടുക്കേണ്ടിടത്ത് ചാട്ടവാറെടുക്കാൻ കഴിയാത്തവർ ചീഫായിക്കൂടാ. സ്ഥാനമേതായാലും ശമ്പളമെത്രയായാലും വലിച്ചെറിയേണ്ടത് വലിച്ചെറിയാൻവേണ്ട തന്റേടമുള്ളവർക്കേ ഒരു ജനാധിപത്യത്തെ പ്രവർത്തനക്ഷമമാക്കാൻ പറ്റൂ. ഒരു വോട്ടിന്നുവേണ്ടി ഒരു ജില്ലയോ സംസ്ഥാനമോ ഉണ്ടാക്കുന്നവർ ജനാധിപത്യത്തിന്റെ തായ് വേര് മുറിക്കുന്നവരാണ്. നേരെമറിച്ച് ഒരു തത്വത്തിന്നുവേണ്ടി ഒരു ജില്ലയെയെന്നല്ല, സംസ്ഥാനത്തെയെന്നല്ല, ഒരു രാജ്യത്തെത്തന്നെ വലിച്ചെറിയാനുള്ള തന്റേടമുള്ളവരുടെ നാട്ടിൽ ജനാധിപത്യം തഴച്ചുവളരും; അവിടേയേ ജനാധിപത്യം വേരുപിടിച്ചു വളരൂ. ❑

# ഇന്ത്യയുടെ മനസ്സാക്ഷിയോട് ഒരപേക്ഷ

- വി.ആർ. കൃഷ്ണയ്യർ -

**പ**രമാധികാര റിപ്പബ്ലിക്കായ ഇന്ത്യ സോഷ്യലിസത്തിന്നും രാഷ്ട്രീയ സാമൂഹ്യ സമത്വത്തിന്നും മതങ്ങൾക്കതീതമായ മതേതരത്വത്തിന്നും സാഹോദര്യ തത്വങ്ങളിൽ അധിഷ്ഠിതമായ ദേശീയൈക്യത്തിന്നും വേണ്ടി നിലകൊള്ളുന്നു. ജവാഹർലാൽ നെഹ്റു തന്റെ വിഖ്യാതമായ വിധിസംഗമ പ്രസംഗത്തിൽ പറഞ്ഞതുപോലെ എല്ലാവരുടേയും കണ്ണുകളിൽനിന്ന് കണ്ണീരൊപ്പാൻ ഉദ്ദേശിച്ചുള്ളതായിരുന്നു നമ്മുടെ സ്വാതന്ത്ര്യം. ഓരോ ഇന്ത്യക്കാരന്നും സാമൂഹികവും സാമ്പത്തികവും രാഷ്ട്രീയവുമായ നീതി ഉറപ്പുവരുത്തുമെന്ന് നമ്മുടെ ഭരണഘടനയുടെ പീഠികയിൽ പ്രതിജ്ഞ ചെയ്തിട്ടുണ്ട്.

എന്നാൽ പതിറ്റാണ്ടുകൾ ആറും പിന്നെയൊരു മൂന്നു വർഷവും പിന്നിട്ടിട്ടും കഴിഞ്ഞ തലമുറകളോടും ഭാവി തലമുറകളോടും നാം ഏറെ കണക്കു പറയേണ്ടിയിരിക്കുന്നു. സ്വാതന്ത്ര്യം നേടിയ കാലത്തെ പ്രതീക്ഷകളെല്ലാം ഇരുണ്ട് മൂടിക്കെട്ടി; അതവിടെ കിടന്നു ദുഷിച്ചു; അത് ഭയത്തിന്നും പട്ടിണിക്കും ഭവനരാഹിത്യത്തിന്നും ഇല്ലായ്മക്കും ആത്യന്തികമായി നൈരാശ്യത്തിലേക്കും വഴുതിപ്പോയി. ക്രമത്തിലുള്ള സാമ്പത്തികത്തകർച്ചയും സാമൂഹ്യമായ അനാഥത്വവും ഭരണഘടനയിൽ ജനങ്ങൾക്കുണ്ടായിരുന്ന വിശ്വാസത്തെ നശിപ്പിച്ചു. ഭരണഘടന നടപ്പാക്കാൻ ചുമതലപ്പെട്ട എക്സിക്യൂട്ടീവിലും നിയമനിർമ്മാണ സഭയിലും ന്യായാസനങ്ങളിലും ആർക്കും വിശ്വാസമില്ലാതായി.

ജനങ്ങൾ അർപ്പിച്ച വിശ്വാസം നടപ്പാക്കുന്നതിൽ ഭരണകൂടം പരാജയപ്പെട്ടപ്പോൾ, ജനങ്ങൾ സ്വാഭാവികമായും തെരുവിലിറങ്ങി; മറ്റുചിലർ കാടുകയറി; വേറെ ചിലർ നിയമധ്വംസകരായി. അടുത്ത കാൽവെപ്പ് ഭീകരപ്രവർത്തനമായിരുന്നു. അത് സമാധാനത്തെ കെടുത്തി; സുരക്ഷിതത്വമില്ലാതായി; വികസനം നടപ്പാക്കാതായി. നക്സലിസം, മാവോയിസം തുടങ്ങിയ തീവ്രവാദ പ്രവർത്തനങ്ങൾ അങ്ങനെയുണ്ടായതാണ്. ജനങ്ങളുടെ വിശ്വാസം വീണ്ടെടുക്കാൻ ശ്രമിക്കുന്നതിന്നു പകരം ഗവർമ്മേണ്ട് ആയുധത്തേയും പോലീസിനേയും ആശ്രയിച്ചു.

വളരെ പണ്ട് അമേരിക്കൻ പ്രസിഡണ്ട് ഐസൻ ഹോവർ ഇങ്ങനെ മുന്നറിയിപ്പു നൽകിയിരുന്നു: "നിർമ്മിക്കപ്പെടുന്ന ഓരോ തോക്കും, നീറ്റിലിറക്കുന്ന ഓരോ യുദ്ധകപ്പലും, വിക്ഷേപിക്കുന്ന ഓരോ റോക്കറ്റും, അവസാന വിശകലനത്തിൽ പട്ടിണികിടക്കുന്നവരിൽനിന്ന്, ഉടുതുണിയില്ലാത്തവരിൽനിന്ന് മോഷ്ടിച്ചുണ്ടാക്കുന്നതാണ്. പടക്കോപ്പണിഞ്ഞ ഈ ലോകം പണം മാത്രമല്ല ചെലവാക്കുന്നത്. തൊഴിലാളികളുടെ വിയർപ്പും ശാസ്ത്രജ്ഞന്മാരുടെ ബുദ്ധി വൈഭവവും കുട്ടികളുടെ ആശകളുമാണ് നശിപ്പിക്കുന്നത്".

ഇതിന്റെയെല്ലാം പ്രത്യാഘാതം അനിവാര്യമായിരുന്നു. കൂടുതൽ കൂടുതൽ ആളുകൾ എന്തുചെയ്യാനും മടിക്കാത്തവരായിത്തീർന്നു. ജനങ്ങൾ ഗവർമ്മേണ്ടിൽനിന്നും അകന്നുപോയി. വെടിയുണ്ടകൾക്ക് സമാധാനം കൈവരുത്താനാകാതായി. സർക്കാർ നയങ്ങൾ തീവ്രവാദത്തെ വളർത്തി. ഇന്ത്യയുടെ പല ഭാഗങ്ങളും സുരക്ഷിതമല്ലാതായിത്തീർന്നു. സമാധാനം കുറ്റിയറ്റു. മാവോയിസ്റ്റുകൾക്ക് പട്ടാളക്കാരുടെ നേരെ വെടിവെക്കാവുന്നത്ര സ്ഥിതിഗതികൾ ഇന്ന് വഷളായിരിക്കുന്നു. സമാധാനശ്രമങ്ങളെല്ലാം ഗവർമ്മേണ്ട് ഏറെക്കുറെ ഉപേക്ഷിച്ചമട്ടുണ്ട്. ക്രമസമാധാന പാലനത്തിന്ന് ഗവർമ്മേണ്ട് കുറുക്കുവഴികൾ നോക്കുന്നു. നീതിക്കും സമാധാനത്തിന്നും വേണ്ടി യത്നിക്കുന്നവരേക്കാൾ, അല്ലെങ്കിൽ സാധാരണക്കാരേക്കാൾ വിശ്വസിച്ചാശ്രയിക്കാവുന്നത് പട്ടാളക്കാരാണെന്ന് ഗവർമ്മേണ്ട് കരുതുന്നു. സമാധാന ചർച്ചക്കായി അങ്ങിങ്ങു നടക്കുന്ന ചില ശ്രമങ്ങൾ ഫലദായകമാകുന്നില്ല.

സ്വാമി അഗ്നിവേശ് മഹാനായൊരു ഇന്ത്യൻ ദേശാഭിമാനിയാണ്. ജാതിരഹിതമായൊരു സമൂഹത്തിന്നുവേണ്ടിയും മതപരമായ ഐക്യത്തിന്നുവേണ്ടിയും അഹിംസാത്മകമായൊരു ജീവിത സാഹചര്യത്തിന്നുവേണ്ടിയും നിലകൊള്ളുന്ന ആളാണദ്ദേഹം. ഇന്ത്യയിലെ കലാപങ്ങളേയും സർക്കാർ-മാവോയിസ്റ്റ് നേരിടലിനേയും അദ്ദേഹം ഒരു വെല്ലുവിളിയായി സ്വീകരിച്ചു. ഗോഡ്സെയുടെ തോക്കുരാഷ്ട്രീയത്തിന്നു പകരമായി ഗാന്ധിയൻ അഹിംസയെ കൈമുതലാക്കി ഒരു ചർച്ചക്ക് കളമൊരുക്കാൻ അദ്ദേഹം ശ്രമിച്ചു. സാമൂഹ്യ നീതിയെ മുൻനിർത്തിയുള്ളതായിരുന്നു ആരംഭം. ആസാദ് എന്ന പേരിൽ അറിയപ്പെടുന്ന മാവോയിസ്റ്റ് നേതാവായ ചെറുകുറി രാജകുമാറുമായി അദ്ദേഹം ബന്ധപ്പെട്ടു. ആസാദിന്റെ പ്രതികരണം രചനാത്മകമായിരുന്നു; പ്രത്യാശയുടെ ഒരു രശ്മി അതിൽനിന്നുണ്ടായി.

എന്നാൽ ആസാദിനെ ജൂലായ് ഒന്നാംതിയ്യതി ആന്ധ്രയിലെ ആദിലാബാദ് ജില്ലയിൽവച്ച് വെടിവച്ചുകൊന്നു. ദീർഘവീക്ഷണമില്ലാത്ത ഒരു ഗവർമ്മേണ്ടിന്റെ പ്രവൃത്തിയായിരുന്നു അത്.



സ്വാമി അഗ്നിവേശ്

സമാധാനപരമായ ചർച്ചക്കുള്ള സാധ്യതകളെ അത് കെടുത്തിക്കളഞ്ഞു. എന്തൊരു അന്തമില്ലായ്മ! എന്തൊരു മഠയത്തരം! എന്തൊരു ഭീകരാബദ്ധം! അഗ്നിവേശിന്ന് വല്ലാതെ മടുത്തിരിക്കുന്നു. എന്റെ സ്ഥിതിയും അതാണ്. ചിന്തിക്കുന്ന ലക്ഷോപലക്ഷം ജനങ്ങളുടെ സ്ഥിതിയും മറിച്ചല്ല. ഇത്തരം സ്ഥിതിവിശേഷങ്ങളെ നേരിടുന്ന ഗവർമ്മേണ്ടിന്റെ ദുഷിച്ച, നിഷേധാത്മകമായ നയത്തിൽ നിരാശരാകാത്തവരുണ്ടാകില്ല. ബുദ്ധന്റേയും ഗാന്ധിയുടെയും പൈതൃകത്തെ കുഴിച്ചുമൂടി പട്ടാള രീതിയിലൂടെ കാര്യം കാണാമെന്നാണിവർ ആഗ്രഹുക്കുന്നത്. ആഭ്യന്തരകാര്യമന്ത്രിയുടെ ചർച്ചാ സന്നാഹം വെറും ബഡായിയാണോ?

ആസാദിന്റെ വധത്തിൽ തങ്ങൾക്കുള്ള നൈരാശ്യം തുറന്നു പറയാൻ രാഷ്ട്രപതിയോടും പ്രധാനമന്ത്രിയോടും ബുദ്ധിശാലിയായ സോണിയാ ഗാന്ധിയോടും വകതിരിവുള്ള മറ്റു നേതാക്കന്മാരോടും ഞാനൊന്നഭ്യർത്ഥിക്കട്ടെ? നിരുപാധികം ചർച്ചക്ക് തയ്യാറാകാൻ ഞാൻ തീവ്രവാദികളോടും അഭ്യർത്ഥിക്കട്ടെ? അന്തംകെട്ട് ആരും പ്രവർത്തിക്കരുത്. AK 47 നുകളും വെടിയുണ്ടകളുമല്ല, സമാധാനപൂർണ്ണമായ

# മാവോയിസ്റ്റ് നേതാവായ ആസാദിനെ വധിച്ചു

**- എസ്. ഹരപാൽസിങ് -**

മാവോയിസ്റ്റ് നേതാവും ആസാദ് എന്ന പേരിൽ അറിയപ്പെടുന്ന ആളുമായ ചെറുകുറി രാജകുമാർ പോലീസുമായുള്ള ഒരു ഏറ്റുമുട്ടലിൽ കൊല്ലപ്പെട്ടതായി ആന്ധ്രാ പോലീസ് അവകാശപ്പെട്ടു. മഹാരാഷ്ട്ര അതിർത്തിക്കടുത്തുള്ള ആദിലാബാദ് ജില്ലയിലെ ഒരു വനമേഖലയിലാണ് സംഘട്ടനമുണ്ടായതെന്ന് പോലീസ് പറയുന്നു.

മാവോയിസ്റ്റ് പോളിറ്റ് ബ്യൂറോ അംഗവും സെൻട്രൽ കമ്മിറ്റിയുടെ വക്താവുമായ ആസാദിന്റെ മരണം ഇന്ത്യയിലെ മാവോയിസ്റ്റ് പ്രസ്ഥാനത്തിന്ന് കനത്ത ഒരാഘാതമാണ്. ആന്ധ്രയിലെ കൃഷ്ണ ജില്ലക്കാരനായ ആസാദിന് ഏതാണ്ട് 58 വയസ്സ് പ്രായമുണ്ട്. പ്രത്യയശാസ്ത്രപരമായ മേഖലയിലും പ്രവർത്തന മണ്ഡലത്തിലും അസാമാന്യമായ വൈഭവമുള്ള ഒരാളായിരുന്നു അദ്ദേഹം.

ആസാദിന്റെ കൂടെ മുപ്പതോളം മാവോയിസ്റ്റുകളുണ്ടായിരുന്നുവെന്നും, മൂന്നുമണിക്കൂർ നീണ്ടുനിന്ന ഒരു സംഘട്ടനമാണ് നടന്നതെന്നും മറ്റുമാണ് പോലീസ് പറയുന്നത്. ജൂലായ് ഒന്നാം തിയ്യതി രാത്രി പതിനൊന്നരക്കു തുടങ്ങിയ ഏറ്റുമുട്ടൽ ജൂലായ് രണ്ടാം തിയ്യതി പുലർച്ചക്ക് രണ്ടുമണിവരെ നീണ്ടുനിന്നുവെന്നാണ് പോലീസ് പറയുന്നതെങ്കിലും തങ്ങളൊരു ശബ്ദവും കേട്ടില്ലെന്ന് ഗ്രാമീണർ പറയുന്നു.

ദണ്ഡകാരണ്യത്തിലെ മാവോയിസ്റ്റ് വക്താവായ ഗുഡ്സ ഉസേന്ദി പോലീസ് കഥയാകെ നിഷേധിക്കുന്നു. മഹാരാഷ്ട്രത്തിലെ നാഗപ്പൂരിനടുത്ത സിതാബർദിയിൽ വച്ചാണ് ആന്ധ്രാ പോലീസ് ആസാദിനേയും ഹേമചന്ദ്ര പാണ്ഡെ എന്ന പത്രപ്രവർത്തകനേയും പിടികൂടിയതെന്നും, അവരെ ആദിലാബാദിൽ കൊണ്ടുവന്ന് കൊന്നുകളയുകയാണുണ്ടായതെന്നും അവർ പറയുന്നു. ആസാദിനെ കൊന്നതിന്ന് ദൃക്സാക്ഷിയില്ലാതിരിക്കാനാണ് പാണ്ഡെയെ കൊന്നത്.

ആസാദ് ഛത്തീസ്ഗഡിലെ ദണ്ഡകാരണ്യത്തിലേക്ക് പുറപ്പെട്ടതായിരുന്നു. ➡



വധിക്കപ്പെട്ട ആസാദിന്റെ മൃതശരീരം

മാവോയിസ്റ്റ് നേതാക്കൾക്ക് ഒന്നരമാസം നീണ്ടുനിൽക്കുന്ന ക്ലാസെടുക്കുകയായിരുന്നു ഉദ്ദേശ്യം. ആസാദിനെ ദണ്ഡകാരണ്യത്തിലേക്ക് കൊണ്ടുവരാനായി മാവോയിസ്റ്റുകൾ സഹദേവ് എന്നൊരു മാവോയിസ്റ്റിനെ നിയോഗിച്ചിരുന്നു. ആസാദ് നാഗപ്പൂരിലെത്തിയതായി ജൂൺ 30ന്ന് ദണ്ഡകാരണ്യത്തിൽ സന്ദേശം ലഭിക്കുകയുണ്ടായി. പിന്നീട് ആസാദിൽനിന്ന് വിവരമൊന്നും കിട്ടിയില്ലെന്ന് ഉസേന്ദി പറയുന്നു.

ജൂലായ് ഒന്നാം തിയ്യതി ഉച്ച്ക്ക് 11.30ന്നും 1.30ന്നും ഇടയിൽ നിശ്ചിത സങ്കേതത്തിലെത്താമെന്ന് ആസാദ് സഹദേവിനെ അറിയിച്ചിരുന്നു. അതനുസരിച്ച് സഹദേവ് പോകുകയും ചെയ്തു. പക്ഷെ ആസാദിനെ കണ്ടെത്തിയില്ല. ഇതിൽനിന്ന് ജൂൺ 30ന്നു രാത്രിയോ ജൂലായ് 1ന്ന് രാവിലേയോ ആന്ധ്ര പോലീസ് ആസാദിനെ പിടികൂടിയിട്ടുണ്ടെന്നു അനുമാനിക്കണം.

ഹേമചന്ദ്ര പാണ്ഡെക്ക് മാവോയിസ്റ്റുകളുമായി ബന്ധമൊന്നുമില്ല. ഫ്രീലാൻസ് ജർണലിസ്റ്റായ അദ്ദേഹം ഒരു വാർത്ത സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കാനായി നാഗപൂരിലേക്ക് പോയതായിരുന്നു. അദ്ദേഹത്തിന്റെ കഷ്ടകാലത്തിന്ന് ആന്ധ്ര പോലീസ് ആസാദിനെ പിടികൂടുന്നതിന്ന് അദ്ദേഹം ദൃക്സാക്ഷിയായി. തങ്ങളുടെ പരാക്രമത്തിന്ന് സാക്ഷികളാരും ഇല്ലാതിരിക്കാനായി പോലീസ് ആസാദിനോടൊപ്പം പാണ്ഡെയേയും കൊന്നുകളയുകയാണ് ചെയ്തത്. ഹേമചന്ദ്ര പാണ്ഡെയുടെ സഹോദരൻ രാജീവ് പാണ്ഡെയും ഒരു പത്രപ്രവർത്തകനാണ്. അദ്ദേഹം ഒരു ഹിന്ദി പ്രസിദ്ധീകരണത്തിൽ ജോലി ചെയ്യുന്നു. മാവോയിസ്റ്റുകളുമായി സംഘട്ടനം നടന്നുവെന്ന് ആന്ധ്ര പോലീസ് പറയുന്ന ഗ്രാമത്തിൽ രാജീവ് പോകുകയുണ്ടായി. തങ്ങൾ ഒരു വെടിയൊച്ചപോലും കേട്ടില്ലെന്നാണ് ഗ്രാമീണർ പറയുന്നത്.

പോലീസ് പറയുന്നതെല്ലാം ശുദ്ധ അസംബന്ധങ്ങളാണ്. മൂന്നു മണിക്കൂർ നീണ്ടുനിന്ന ഒരു സംഘട്ടനം നടന്നിട്ടും ഒരാളും ഒരു വെടിയൊച്ചപോലും കേട്ടില്ലെന്നു പറഞ്ഞാൽ!

ഇത്ര ഭീകരമായായ സംഘട്ടനം നടന്നിട്ടും ഒരു പോലീസുകാരന്നുപോലും ഒരു പോറൽപോലുമേറ്റില്ലെന്നു പറഞ്ഞാൽ!

ആസാദിന്റെ സംരക്ഷണത്തിന്ന് മുപ്പതോളം സഖാക്കൾ ഉണ്ടായിട്ടും അവരെല്ലാം വെടിയൊച്ച കേട്ടപ്പോഴേക്കും ഓടിപ്പോയെന്നു പറഞ്ഞാൽ!

മനുഷ്യന്റെ സാമാന്യബുദ്ധിയെപ്പോലും വെല്ലുവിളിക്കുന്ന കെട്ടുകഥകൾ അതേപടി വിഴുങ്ങുന്നവരെപ്പറ്റി എന്തു പറയാനാണ്.

ജനങ്ങളെ വെറുതെ വെടിവച്ചുകൊല്ലാൻ, അവർ കടുത്ത മാവോയിസ്റ്റുകളായിരുന്നാൽപോലും, ഗവർമ്മേണ്ടിന്നധികാരമില്ലെന്ന് സാമൂഹ്യപ്രവർത്തകയായ അരുന്ധതി റോയ് ഓർമ്മിപ്പിച്ചു. ആസാദിനെ അറസ്റ്റ് ചെയ്ത് നിയമാനുസൃതം കോടതിയിൽ വിചാരണക്കു വിധേയനാക്കേണ്ടതായിരുന്നുവെന്ന് അവർ പറഞ്ഞു.

---

തെരുവുകളും വീടുകളുമുണ്ടാകാനാണ് സർക്കാർ ആഗ്രഹിക്കുന്നതെന്ന് മാവോയിസ്റ്റുകളേയും ആ വർഗ്ഗത്തിൽ പെട്ടവരേയും ഗവർമ്മേണ്ട് ബോധ്യപ്പെടുത്തേണ്ടിയിരിക്കുന്നു. ഇന്ത്യ നിങ്ങളുടേയും കൂടിയാണ്. അഹിംസാത്മകമായി അത് പടുത്തുയർത്തണം. സമാധാനത്തിന്നും മനുഷ്യാവകാശങ്ങൾക്കുമായി ജനങ്ങൾ ഉണർന്നെഴുന്നേൽക്കണം. അന്തസ്സോടുകൂടിയ ജീവിതത്തിന്നുള്ള അവകാശത്തിന്നായി നമുക്ക് ശ്രമിക്കുക. ഭരണകൂടത്തിന്നകത്തുള്ള ഒരു സംഘം മാഫിയ ഭരണം കയ്യടക്കാൻ അനുവദിക്കരുത്.

മഹത്തായ ഒരു ഗവർമ്മേണ്ടിന്റെ മൗലികമായ നയം പ്രത്യാശയായിരിക്കണം; നിരാശയാകരുത്. അല്ലാത്ത പക്ഷം സംഭവിക്കുക കലാപമാണ്; ഭരണപരമായ അരാജകത്വമാണ്; ജനക്ഷേമത്തോടുള്ള വിടവാങ്ങലാണ്. കൊന്നവർ ശിക്ഷ അർഹിക്കുന്നു. ഒരു ജൂഡീഷ്യൽ അന്വേഷണം ദേശീയമായ ഒരാവശ്യമാണ്. ഞാനീ ആഹ്വാനം നടത്തുന്നത് മനോവൈക്ലബ്യം കൊണ്ടല്ല; ദേശാഭിമാനംകൊണ്ടാണ്. ❏

ഏറ്റുമുട്ടലിൽ ആസാദ് കൊല്ലപ്പെട്ടുവെന്നു പറയുന്നത് ശുദ്ധ അസംബന്ധമാണെന്ന് മാവോയിസ്റ്റ് അനുഭാവിയും വിപ്ലവകവിയുമായ പി. വരവര റാവു ഹൈദരാബാദിൽ പ്രസ്താവിച്ചു.

എം.ടെക്. പാസായിട്ടുള്ള ഒരു ബുദ്ധിജീവിയായിരുന്നു ആസാദ്. 1975ലും 1978ലും അദ്ദേഹം അറസ്റ്റ് ചെയ്യപ്പെട്ടിരുന്നു. ജാമ്യത്തിലിറങ്ങിയ അദ്ദേഹം 1979ൽ അണ്ടർ ഗ്രൗണ്ടിൽപോയി. ആസാദിനെ ജീവനോടേയോ കൊന്നോ പിടിച്ചുകൊണ്ടുവരുന്നവർക്ക് 12 ലക്ഷം രൂപ സമ്മാനം വാഗ്ദാനം ചെയ്തിരുന്നു. കേരളം, കർണാടകം, മഹാരാഷ്ട്രം, ഗുജറാത്ത് എന്നീ സംസ്ഥാനങ്ങളടങ്ങിയ, മാവോയിസ്റ്റുകളുടെ തെക്കുപടിഞ്ഞാറൻ മേഖലാബ്യൂറോവിന്റെ ചുമതല ആസാദിനായിരുന്നു.

ഗവർമ്മേണ്ട് നിർദ്ദേശിച്ച വെടിനിർത്തൽ പദ്ധതി നടപ്പാക്കുന്നതിന്നുള്ള ശ്രമത്തിൽ ഏർപ്പെട്ടിരിക്കുന്നതിന്നിടയിലാണ് ആസാദ് കൊല്ലപ്പെട്ടത്. സാമൂഹ്യ പ്രവർത്തകനായ സ്വാമി അഗ്നിവേശായിരുന്നു മധ്യസ്ഥൻ. ആഭ്യന്തരകാര്യമന്ത്രി ചിദംബരവും മാവോയിസ്റ്റ് നേതാവായ ആസാദും തമ്മിൽ നടന്ന എഴുത്തുകുത്തുകൾ അഗ്നിവേശ് മുഖേനയായിരുന്നു. 2010 മേയ് 11ന്ന് ചിദംബരം ആസാദിനയച്ച കത്തിൽ ഇങ്ങനെ പറയുന്നു. "മാവോയിസ്റ്റുകൾ ഒരു നിശ്ചിത ദിവസംമുതൽ അക്രമങ്ങളിൽ ഏർപ്പെടില്ലെന്നു പറയണം. അത് ജൂൺ ഒന്നുമുതൽക്കാകാം". അങ്ങനെ ചെയ്താൽ ഗവർമ്മേണ്ട് മാവോയിസ്റ്റുകളെ ചർച്ചക്ക് വിളിക്കാമെന്ന് അതിൽ പറയുന്നു. അക്രമങ്ങൾ നടത്തില്ലെന്ന് ഉറപ്പുതന്നാൽ, അത് കർക്കശമായി പാലിക്കുന്നുണ്ടോ എന്ന് ഗവർമ്മേണ്ട് എഴുപത്തിരണ്ടു മണിക്കൂർ നേരം നിരീക്ഷിക്കുമെന്നും ആ സമയത്ത് സായുധസേന മാവോയിസ്റ്റുകൾക്കെതിരെ ഒരു നടപടിയും എടുക്കില്ലെന്നും ചിദംബരം ഉറപ്പു നൽകിയിട്ടുണ്ട്. ഈ ഇടവേളക്കുശേഷം ചർച്ചകൾ ആരംഭിക്കാമെന്നും അതിൽ പറയുന്നു.

ആസാദ് 2010 മേയ് 31ന്ന് ഇതിന്ന് സുദീർഘമായ ഒരു മറുപടി അയച്ചു. മാവോയിസ്റ്റുകൾ ആദ്യം വെടിനിർത്തണമെന്നു പറയുന്നതിന്നു പകരം ഇരുകൂട്ടരും ഒന്നിച്ച് ഒരേസമയത്ത് വെടിനിർത്തണമെന്ന് ആസാദ് അതിൽ നിർദ്ദേശിക്കുന്നു. അതിന്നു പുറമെ രാഷ്ട്രീയ തടവുകാരെ വിടുന്നതിന്റെ മുന്നോടിയായി മാവോയിസ്റ്റ് നേതാക്കളെ ജയിൽ വിമുക്തരാക്കാൻ നടപടിയെടുക്കണമെന്നും ആസാദ് ആവശ്യപ്പെട്ടിട്ടുണ്ട്. ഗവർമ്മേണ്ടിന്ന് അത് സ്വീകാര്യമായിരുന്നുവെന്നു തോന്നുന്നു. ഏതായാലും തന്റെ മധ്യസ്ഥ ശ്രമത്തിന്റെ പുരോഗതി വെളിപ്പെടുത്താനായി സ്വാമി അഗ്നിവേശ് ജൂൺ 18ന്ന് ഒരു പത്രസമ്മേളനം നടത്തുമെന്ന് പ്രഖ്യാപിച്ചു. എന്നാൽ അവസാന നിമിഷത്തിൽ ഈ പത്രസമ്മേളനം റദ്ദാക്കി. അതിന്ന് കാരണമൊന്നും പറഞ്ഞിട്ടില്ല. ഗവർമ്മേണ്ടിന്റെ സമ്മർദ്ദമാണതിന്നു കാരണമെന്നു തോന്നുന്നു.

കേന്ദ്ര ഗവർമ്മേണ്ടിന്റെ വെടിനിർത്തൽ നിർദ്ദേശം മാവോയിസ്റ്റ് സെൻട്രൽ കമ്മിറ്റിയുടെ പരിഗണനക്കു സമർപ്പിക്കുന്നതിന്നായി ദണ്ഡകാരണ്യത്തിലേക്കുള്ള യാത്രക്കിടയിലാണ് ആസാദ് കൊല്ലപ്പെട്ടതെന്നും സ്വാമി അഗ്നിവേശിന്റെ ഒരു കത്തുമായിട്ടാണ് അദ്ദേഹം പുറപ്പെട്ടിരുന്നതെന്നുമാണ് മാവോയിസ്റ്റ് വക്താക്കൾ പറയുന്നത്.

ആസാദ് എവിടെയാണെന്നു കണ്ടുപിടിക്കാൻ ചിദംബരവുമായുള്ള കത്തിടപാടുകൾ പോലീസിനെ സഹായിച്ചുവെന്നുവേണം അനുമാനിക്കാൻ. ❑



# ഇഷ്ടമില്ലാത്ത റിപ്പോർട്ട് അവർ കട്ട് ചെയ്തുകളയും!

**- രാമൻ കൃപാൽ -**

**പ**ഞ്ചായത്തുകളുടെ സ്ഥിതിയെപ്പറ്റി അന്വേഷിച്ച് റിപ്പോർട്ട് ചെയ്യാനായി ഗവർമ്മേണ്ട് ഒരു ഗവേഷകനെ നിയോഗിക്കുന്നു. അയാൾ തന്റെ ജോലിയുടെ ഭാഗമായി ഛത്തീസ്ഗഡിലെ ബസ്താർ ജില്ലയിലെത്തുന്നു. മാവോയിസ്റ്റുകളെ പേടിച്ച് അധികമാരും ബസ്താർ ജില്ലയിൽ കാൽ കുത്താറില്ല. ബസ്താറിൽ അയാൾ മഹാംഗൂമഡിയ എന്ന ആദിവാസിയിൽനിന്ന് വിവരങ്ങൾ ശേഖരിച്ചു. കാരണം, മഡിയക്കൊരു കഥ പറയാനുണ്ടായിരുന്നു.

മഡിയയുടെ മുപ്പത്തഞ്ചേക്കർ വരുന്ന ഭൂമി ഗവർമ്മേണ്ട് അക്വയർ ചെയ്തിരിക്കുകയാണ്. ഗവർമ്മേണ്ട് ഏറ്റെടുത്ത ഭൂമിക്കുള്ള നഷ്ടപരിഹാരമായി അമ്പത്തഞ്ചുലക്ഷം രൂപ ബാങ്കിൽ കെട്ടിവച്ചിട്ടുമുണ്ട്. ഒരു മൊബൈൽ ഫോൺ പോലുമില്ലാത്ത മഡിയക്ക് ഈ 55 ലക്ഷം കൊണ്ട് എന്തുചെയ്യണമെന്നറിയില്ല.

എനിക്കു കൃഷിചെയ്യാനേ അറിയൂ. എനിക്കെന്റെ ഭൂമി പൊന്നാണ്. ബാങ്കിൽകിടക്കുന്ന ഈ പണംകൊണ്ട് ഞാനെന്തു ചെയ്യാനാണ് എന്ന് ആ കർഷകൻ ചോദിക്കുന്നു. ഗുജറാത്തിലെ ആനന്ദിലുള്ള റൂറൽ മാനേജ്മെന്റ് ഇൻസ്റ്റിട്യൂട്ടിൽനിന്ന് നിയോഗിച്ച ഗവേഷകനും അതുകേട്ട് അന്ധാളിച്ചുനിന്നു. ഇന്ത്യയിലെ പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ പ്രവർത്തന പുരോഗതിയെക്കുറിച്ച് അന്വേഷിച്ച് റിപ്പോർട്ട് ചെയ്യാൻ പ്രധാനമന്ത്രി മൻമോഹൻസിങ് പ്രത്യേക താൽപര്യമെടുത്ത് നിയോഗിച്ചതാണ് ഈ ഗവേഷകനെ. സർക്കാരുമായി ബന്ധമില്ലാത്ത ഒരു സ്വകാര്യ സ്ഥാപനം അന്വേഷണം നടത്തണമെന്ന് പ്രധാനമന്ത്രി നിർബ്ബന്ധിച്ചതിനാലാണ് ഡോ. കുരിയന്റെ നേതൃത്വത്തിലുള്ള ഈ സ്ഥാപനത്തെ ഗവേഷണത്തിന്ന് തിരഞ്ഞെടുത്തത്.

പ്രശ്നം ഇതാണ്. ഇന്ദ്രാവതീ നദീതീരത്തുള്ള ധുരാഗവോൺ ഉൾപ്പെടെയുള്ള പ്രദേശം ഒരു ഉരുക്കു നിർമ്മാണശാല സ്ഥാപിക്കാനായി ടാറ്റാക്ക് നൽകണം. മഡിയയുടെ 35 ഏക്കറും ഇതിൽപെടും. ഉരുക്കു നിർമ്മാണശാലക്കുവേണ്ട ഭൂമി നൽകണമെങ്കിൽ 12,000 പേരെ കുടിയിറക്കണം. ദനീതീരത്തു കിടക്കുന്ന ഈ ഭൂമിയാകട്ടെ, വളരെ ഫലപുഷ്ടിയുള്ളതുമാണ്. ഈ ഭൂമി കൈവിട്ടാൽ പിന്നെ എവിടെ ചെന്നു ജീവിക്കും?

പത്തൊമ്പതാം നൂറ്റാണ്ടിൽ ബ്രിട്ടീഷുകാർ പടച്ചുണ്ടാക്കിയ അക്വസിഷൻ നിയമപ്രകാരമാണ് ഗവർമ്മേണ്ട് ഈ ഭൂമിയത്രയും അക്വയർ ചെയ്യുന്നത്. എന്നാൽ ഭരണഘടനയുടെ 93-ാം ഭേദഗതി പ്രകാരം ഗോത്രവർഗ്ഗ ഭൂമികൾ അവരുടെ സമ്മതമില്ലാതെ അക്വയർ ചെയ്യാൻ പാടില്ല. ഇവിടെയാകട്ടെ, ടാറ്റക്കുവേണ്ടി 12,000 പേരെയാണ് കുടിയിറക്കാൻ പോകുന്നത്.

ഛത്തീസ്ഗഡിനു പുറമെ ബീഹാർ, ഝാർഖണ്ഡ്, ഒറീസ, ആന്ധ്ര എന്നീ സംസ്ഥാനങ്ങളിലും ഗോത്രവർഗ്ഗ ഭൂമി സംബന്ധിച്ച പഞ്ചായത്ത് നിയമം നടപ്പാക്കിയിട്ടുണ്ട്; അല്ലെങ്കിൽ നടപ്പാക്കിയിട്ടുണ്ടെന്നാണ് സങ്കൽപം. എന്നാൽ ഒരു സംസ്ഥാനവും ഇത് മാനിക്കാറില്ല.

രണ്ടുമാസം മുമ്പ് ഗവർമ്മേണ്ടിന്നു

സമർപ്പിക്കപ്പെട്ട അന്വേഷണ റിപ്പോർട്ടിൽ ഇക്കാര്യം വിശദമായി പരാമർശിച്ചിരുന്നു. രണ്ടു വാല്യങ്ങളിലായി തയ്യാറാക്കപ്പെട്ട റിപ്പോർട്ടിൽ 45 പേജ് വരുന്ന ഒരധ്യായം മുഴുവൻതന്നെ ഗോത്രവർഗ്ഗഭൂമിയിൽ നടന്ന കയ്യേറ്റങ്ങൾ സംബന്ധിച്ചതായിരുന്നു. പ്രധാനമന്ത്രിയുടെ താല്പര്യമനുസരിച്ച് തയ്യാറാക്കപ്പെട്ട ഈ അന്വേഷണ റിപ്പോർട്ടിന്റെ പ്രകാശന കർമ്മം നിർവ്വഹിച്ചതും പ്രധാനമന്ത്രിതന്നെയായിരുന്നു. പക്ഷെ അന്വേഷണ കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിൽനിന്ന് ഒരധ്യായം അപ്പാടെ നീക്കം ചെയ്തിരുന്നുവെന്ന വസ്തുത പ്രധാനമന്ത്രി അറിഞ്ഞിരുന്നില്ല!

പ്രധാനമന്ത്രി അറിയേണ്ട പലതും അതിലുണ്ട്. ഈ പഠനം നടക്കുന്ന കാലത്ത് മാവോയിസ്റ്റ് ശല്യമുണ്ടായിരുന്നത് 76 ജില്ലകളിലാണ്. അതിൽ 32 എണ്ണവും ഗോത്രവർഗ്ഗ ജില്ലകളാണ്. ഒരു ഗ്രാമത്തിലെ സ്ഥിതിഗതികൾ റിപ്പോർട്ടിൽ പ്രത്യേകം എടുത്തു പറഞ്ഞിട്ടുണ്ട്. ഛത്തീസ് ഗഡിലെ ദൊക്രനല്ല ഗ്രാമത്തിൽ നാൽപതിൽപരം കുടുംബങ്ങൾ ജീവിക്കുന്നുണ്ട്. പർദ്ദി ഗോത്രവർഗ്ഗക്കാരാണ് എല്ലാവരും. ഒറ്റയടിപ്പാതയിലൂടെ മാത്രമേ അവിടെ എത്താൻ പറ്റൂ. ഇപ്പോൾ സ്ഥിതി കഷ്ടമാണ്. നായാട്ടിന്ന് മിടുക്കന്മാരും മുളകൊണ്ട് പനമ്പ്, കൊട്ട, തുടങ്ങിയ ഉപകരണങ്ങൾ നിർമ്മിക്കുന്നവരുമാണിവർ. എന്നാൽ വനം നിയമത്തിന്റെ പേരും പറഞ്ഞ് കാട്ടിലേക്കു പ്രവേശനം നിഷേധിച്ചിരിക്കുന്നു. പോലീസും ഫോറസ്റ്റ് ഗാർഡുമാരും ചേർന്ന് ഇവരുടെ കുടിലുകൾക്കെല്ലാം ഈയിടെ തീവച്ചു.

ഇത്തരം അക്രമങ്ങൾ സഹിക്കാൻ എല്ലാവരും തൃയാറായെന്നു വരില്ല. ഒറീസയിൽ ചാസി മുലിയ ആദിവാസി സംഘ് എന്ന സംഘടന വിജയകരമായ ചെറുത്തു നിൽപ് സംഘടിപ്പിക്കുന്നുണ്ട്. തങ്ങൾ മാവോയിസ്റ്റുകളല്ലെന്ന് ഇവർ ആണയിട്ടു പറയുന്നു. കാർഷികോപകരണങ്ങളല്ലാതെ ഒരായുധവും തങ്ങളുടെ പക്കലില്ലെന്നും അവർ പറയുന്നു.

പിന്നെ എന്തുകൊണ്ടാണ് ഈ ഒരധ്യായം ഒന്നാകെ വിട്ടുകളഞ്ഞത്. മാവോയിസ്റ്റ് ശല്യമുള്ള ജില്ലകളെ പരാമർശിക്കുന്ന അധ്യായം അടിയോടെ ചെത്തിക്കളഞ്ഞിരിക്കുകയാണ്. ആഭ്യന്തരകാര്യമന്ത്രി ചിദംബരം മാത്രമേ മാവോയിസ്റ്റ് കാര്യങ്ങളെക്കുറിച്ച് സംസാരിക്കാവൂ എന്ന് ഗവർമ്മേണ്ട് ഈയിടെ തീരുമാനിച്ചിട്ടുണ്ട്. ഈ താരുമാനത്തിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് കാര്യമന്ത്രി സി.പി. ജോഷിയാണ് റിപ്പോർട്ടിലെ മാവോയിസ്റ്റ് അധ്യായം വെട്ടിക്കളഞ്ഞതെന്ന് ശ്രുതിയുണ്ട്.

മാവോയിസ്റ്റ് ജില്ലകളെക്കുറിച്ചുള്ള ഭാഗം എന്തെങ്കിലും കാരണംകൊണ്ടാണ് ഉപേക്ഷിച്ചതെങ്കിൽ, അതുമനസ്സിലാക്കാം. വെറും നടപടി ക്രമത്തിന്റെ പേരിൽ അങ്ങനെ ചെയ്യുന്നത് നിർഭാഗ്യകരമാണെന്ന് മുൻപഞ്ചായത്ത് കാര്യമന്ത്രി മണിശങ്കർ അയ്യർ പറഞ്ഞു. അദ്ദേഹം ഇതു സംബന്ധിച്ച് പ്രധാനമന്ത്രിക്കൊരു കത്തയച്ചിട്ടുമുണ്ട്. റിപ്പോർട്ടുകൾ എഡിറ്റു ചെയ്യുന്നതും അനാവശ്യ ഭാഗങ്ങൾ ഉപേക്ഷിക്കുന്നതും സെക്രട്ടറിമാരാണ് എന്നു പറഞ്ഞ് പഞ്ചായത്ത് കാര്യമന്ത്രി സി.പി. ജോഷി ഒഴിഞ്ഞുമാറി. പഞ്ചായത്ത് രാജ് മന്ത്രി കാര്യാലയത്തിലെ സെക്രട്ടറിയായ എ.എൻ.പി. സിംഹയോട് ചോദിച്ചപ്പോൾ, ഗുജറാത്തിലെ ഇൻസ്റ്റിട്യൂട്ടിനോട് ചോദിക്കണമെന്നു പറഞ്ഞു. ഇൻസ്റ്റിട്യൂട്ടിന്റെ ചെയർമാനായ വൈ.കെ. അലാഗിനോട് ചോദിച്ചപ്പോൾ ഒരു ജോയിന്റ് സെക്രട്ടറിയിൽനിന്ന് ഒരു ഫോൺ സന്ദേശം ലഭിച്ചതായി അദ്ദേഹം സമ്മതിച്ചു. എന്തെങ്കിലും പ്രശ്നമുണ്ടെങ്കിൽ റിപ്പോർട്ട് തയ്യാറാക്കിയ സംഘവുമായി ബന്ധപ്പെടാൻ അദ്ദേഹം നിർദ്ദേശിച്ചു. അങ്ങനെ ഇൻസ്റ്റിട്യൂട്ടിന്റെ ഡയറക്ടറായ വിവേക് ഭണ്ഡാരിയെ ചെന്നുകണ്ടു. പഞ്ചായത്ത് കാര്യമന്ത്രി കാര്യാലയം ആവശ്യപ്പെട്ടതനുസരിച്ചാണ് ഞങ്ങൾ അന്വേഷണം നടത്തിയതും റിപ്പോർട്ട് സമർപ്പിച്ചതുമെന്ന് അദ്ദേഹം പറഞ്ഞു. ആ റിപ്പോർട്ടിൽ മന്ത്രികാര്യാലയം വെട്ടലോ തിരുത്തലോ വരുത്തിയിട്ടുണ്ടെങ്കിൽ അതവരുടെ കാര്യം എന്നാണദ്ദേഹം പറഞ്ഞത്.

പക്ഷെ ജനങ്ങളെ സംബന്ധിച്ചിടത്തോളം അതങ്ങനെ അവസാനിപ്പിക്കാനാവില്ല. അവരുടെ ഭൂമിയാണ് നഷ്ടപ്പെടുന്നത്. ഉപജീവന മാർഗ്ഗമാണ് നഷ്ടപ്പെടുന്നത്. സർക്കാർ തയ്യാറാക്കിയ വിവരങ്ങളുടെ അടിസ്ഥാനത്തിലുള്ളതാണ് ഈ റിപ്പോർട്ട് എന്നതിനാൽ അത് ആഭ്യന്തര വകുപ്പിനേയും പഞ്ചായത്ത് കാര്യ വകുപ്പിനേയും അസ്വസ്ഥമാക്കി. ഗവർമ്മേണ്ടിന്റെ നടപടികൾ എങ്ങനെ മാവോയിസത്തെ വളർത്തുന്നുവെന്നും പോലീസിന്റെയെന്നപോലെത്തന്നെ മാവോയിസ്റ്റുകളുടേയും അതിക്രമങ്ങൾക്ക് ജനങ്ങളെങ്ങനെ ഇരയാകുന്നുവെന്നും റിപ്പോർട്ടിൽ പറയുന്നുണ്ട്.

* ജനങ്ങളിൽ മുക്കാൽ ഭാഗത്തിന്റേയും ജീവിത നിലവാരം വളരെ താഴ്ന്നതാണ്.
* സ്ത്രീകൾക്കിടയിലെ സാക്ഷരത ദേശീയ സാക്ഷരതാ നിരക്കിനേക്കാൾ താഴ്ന്നതാണ്.
* ജനങ്ങളിൽ നാലിലൊരു ഭാഗത്തിന്നു പോലും നല്ല വീടുകളില്ല.
* വീടുകളിൽ മൂന്നിലൊരു ഭാഗത്തിന്നു പോലും വൈദ്യുതി കണക്ഷനില്ല.

ദുരിതമയമായ ഇത്തരം ജീവിത സാഹചര്യങ്ങളാണ് മാവോയിസ്റ്റുകളെ വളർത്തുന്നത്. മാവോയിസ്റ്റുകൾ നേരിട്ടു ജനങ്ങളെ സമീപിക്കുന്നു; ആര് എങ്ങനെ അവരുടെ ഭൂമി തട്ടിയെടുക്കുന്നുവെന്ന് വിശദീകരിക്കുന്നു; ന്യായമായ വേതനം കിട്ടാത്തതിനെപ്പറ്റിയും കർഷകരുടെ ദുരിതത്തെപ്പറ്റിയും ജനങ്ങളുടെ മൗലികാവകാശങ്ങളെപ്പറ്റിയും അവർ ജനങ്ങളോട് സംസാരിക്കുന്നു. സർക്കാരാകട്ടെ കർഷകരുടേയും നെയ്ത്തുകാരുടേയും കാര്യത്തിൽ തികഞ്ഞ അലംഭാവമാണ് കാണിക്കുന്നത്. ഇത് മാവോയിസ്റ്റുകളുടെ വളർച്ചക്കു സഹായകമാകുന്നുവെന്ന് റിപ്പോർട്ടിൽ പറയുന്നു.

ഖനി ഉടമകളിൽനിന്ന് മാവോയിസ്റ്റുകൾ പണം പിരിക്കുന്നുണ്ടെന്നും മാവോയിസ്റ്റുകൾ അഴിമതിക്കാരായിട്ടുണ്ടെന്നും റിപ്പോർട്ടിൽ തുടർന്നു പറയുന്നു. തെക്കൻ ഛത്തീസ്ഗഡിലെ 600 ഗ്രാമങ്ങളിലെ ജനങ്ങളെയെല്ലാം സാൽവജൂഡും ഭടന്മാർ ആട്ടിയോടിച്ചിട്ടുണ്ട്. ഇവർ ആന്ധ്രയിലെ ഖമ്മാം ജില്ലയിലോ ഒറീസയിലെ മൽക്കൻ ഗിരി ജില്ലയിലോ ചേക്കേറിയിരിക്കുകയാണ്. ഇവരുടെ ഗ്രാമങ്ങളെല്ലാം സാൽവജൂഡംകാർ അഗ്നിക്കിരയാക്കിയിട്ടുമുണ്ട്. ആന്ധ്രയിലും ഒറീസയിലും അടിഞ്ഞുകൂടിയിരിക്കുന്ന ഈ അഭയാർത്ഥികളെ അന്നാട്ടുകാർ "അന്യ"രായോ മാവോയിസ്റ്റുകളായോ കണക്കാക്കുന്നതായും റിപ്പോർട്ടിലുണ്ട്.

അഭയാർത്ഥിയായി എത്തിയ ഒരു പഞ്ചായത്ത് മെമ്പർ പറഞ്ഞ കാര്യങ്ങൾ റിപ്പോർട്ടിൽ ഉദ്ധരിച്ചിട്ടുണ്ട്. "സാൽവജൂഡും ഞങ്ങളുടെ ഗ്രാമമാകെ കത്തിച്ചു കളഞ്ഞു. മൂന്നുമാസത്തിന്നകം നക്സലുകളുടെ കഥകഴിക്കുമെന്നാണവർ പറഞ്ഞത്. പക്ഷെ നക്സലുകൾ ഇപ്പോഴും അവിടെയുണ്ട്; രക്ഷാഭടന്മാരുമുണ്ട്. ഞങ്ങളുടെ ജീവിതമാകെ നാശമായെന്നതാണ് ഓരേയൊരു ഫലം". പക്ഷെ ഈ റിപ്പോർട്ട് ഗവർമ്മേണ്ട് പൂഴ്ത്തിക്കളഞ്ഞിരിക്കുകയാണ്. ❑

# മനുഷ്യാവകാശ കമ്മീഷനെ പട്ടിണിക്കിട്ട് കൊല്ലുന്നു

- വിനയ കുമാർ -

**മ**നുഷ്യാവകാശങ്ങൾ സംരക്ഷിക്കുന്നതിന്നും വളർത്തുന്നതിന്നുമായി രൂപീകരിച്ചിട്ടുള്ള ദേശീയ മനുഷ്യാവകാശ കമ്മീഷൻ, സ്വന്തം അവകാശങ്ങൾ സംരക്ഷിക്കുന്നതിന്നുള്ള ഒരു പോരാട്ടത്തിലാണിപ്പോൾ മുഴുകിയിരിക്കുന്നത്.

നിയമാധിഷ്ഠിതമായി രൂപീകരിച്ച ഒരു സ്ഥാപനമാകയാൽ, ദേശീയ മനുഷ്യാവകാശ കമ്മീഷന്റെ കാര്യത്തിൽ ഗവർമ്മേണ്ടിനൊന്നും ചെയ്യാനാവില്ല. പൂർണ സ്വയം ഭരണാധികാരത്തോടുകൂടിയ ഒരു സ്ഥാപനമാണത്. മനുഷ്യാവകാശം ധ്വംസിക്കപ്പെട്ടതായി പരാതി കിട്ടിയാൽ, അതിനെപ്പറ്റി അന്വേഷണം നടത്തുന്നതിന്ന് കമ്മീഷന്ന് സ്വന്തം സംവിധാനം തന്നെയുണ്ട്.

പക്ഷെ കമ്മീഷന്ന് പ്രവർത്തിക്കണമെങ്കിൽ കാശ് വേണം; കാശ് വേണമെങ്കിൽ ഗവർമ്മേണ്ട് നൽകണം. കമ്മീഷന്ന് പണം അനുവദിക്കാതിരുന്നാൽ, അത് തനിയേ ശ്വാസംമുട്ടി ചത്തുകൊള്ളും. ദേശീയ മനുഷ്യാവകാശ കമ്മീഷന്റെ ഇന്നത്തെ സ്ഥിതി ഏറെക്കുറെ ഈ നിലയിലാണിപ്പോൾ.

2009-10 ലെ പ്രവർത്തനങ്ങൾക്ക് 24 കോടി രൂപയാണ് ഗവർമ്മേണ്ട് അനുവദിച്ചിരുന്നത്. എന്നാൽ 2010-11 ലേക്കു കമ്മീഷന്ന് അനുവദിച്ചിരിക്കുന്നത് 18 കോടി രൂപ മാത്രം; അതായത് ഇരുപതു ശതമാനം കട്ട്!

വിവിധ സ്ഥാപനങ്ങൾക്കുള്ള പണം അനുവദിക്കുന്നത്, അതിന്നായി രൂപീകരിച്ച ഒരു കമ്മിറ്റിയാണ്. മനുഷ്യാവകാശ കമ്മീഷന്റെ ചെയർമാനും സർക്കാരിന്റെ വ്യയസെക്രട്ടറിയും മറ്റുമടങ്ങിയ ഒരു കമ്മിറ്റിയാണിത്. ഈ കമ്മിറ്റി മനുഷ്യാവകാശ കമ്മീഷന്ന് 2010-11 ലേക്ക് 24.10 കോടി രൂപ അനുവദിച്ചിരുന്നു. അതാണ് ഗവർമ്മേണ്ടിപ്പോൾ 18 കോടിയായി വെട്ടിക്കുറച്ചിരിക്കുന്നത്.

ഇന്ത്യാ ഗവർമ്മേണ്ടിന്റെ സഞ്ചിത നിധിയിൽനിന്നാണ് മനുഷ്യാവകാശ കമ്മീഷന്നു വേണ്ട പണം ലഭിക്കുന്നത്. 1993 ലെ മനുഷ്യാവകാശ നിയമപ്രകാരം ഈ നിയമം നടപ്പാക്കുന്നതിന്ന് ആവശ്യമായി തോന്നുന്ന പണം അനുവദിക്കേണ്ടത് കേന്ദ്ര ഗവർമ്മേണ്ടാണ്. അത് ഗ്രാന്റായി നൽകും. അതിന്റെ വിനിയോഗത്തിൽ സർക്കാരിന്ന് നിയന്ത്രണാധികാരമൊന്നുമില്ല.

മനുഷ്യാവകാശ സംരക്ഷണ കാര്യത്തിൽ ഗവർമ്മേണ്ട് പണ്ടുമുതൽക്കേ ഇടത്തടിച്ചു നിൽക്കുകയായിരുന്നു. ഐക്യരാഷ്ട്ര സമിതി 1948ൽ മനുഷ്യാവകാശ പ്രഖ്യാപനം നടത്തിയിരുന്നു. ഇന്ത്യയും അതിൽ കക്ഷിയായിരുന്നുവെങ്കിലും അതു നടപ്പാക്കാനുള്ള നിയമം ഒരിക്കലും പാസാക്കിയില്ല. ഒടുവിൽ 1993 ഒക്ടോബറിൽ നരസിംഹറാവുവിന്റെ ഭരണകാലത്താണ് നിയമനിർമ്മാണം നടത്തിയതും മനുഷ്യാവകാശ കമ്മീഷനെ നിയമിച്ചതും.

ഇന്ത്യൻ ചീഫ് ജസ്റ്റീസായി ഈയിടെ റിട്ടയർ ചെയ്ത ജ: കെ.ജി. ബാലകൃഷ്ണനാണ് ദേശീയ മനുഷ്യാവകാശ കമ്മീഷന്റെ പുതിയ ചെയർമാൻ. കമ്മീഷനിൽ വേറെ നാലുപേരും അംഗങ്ങളായിട്ടുണ്ട്. ഇവർക്കെല്ലാം സുപ്രീംകോടതി ജഡ്ജിയുടെ പദവിയും കല്പിച്ചനുവദിച്ചിട്ടുണ്ട്. ഐക്യരാഷ്ട്ര സമിതിയുടെ ➡

ഇന്റർനാഷനൽ കോ ഓർഡിനേഷൻ കമ്മിറ്റി ഇന്ത്യൻ മനുഷ്യാവകാശ കമ്മീഷനെ “എ” ഗ്രേഡിൽ പെടുത്തിയിട്ടുമുണ്ട്. അങ്ങനെ വലിയവലിയ സ്ഥാനമാനങ്ങളെല്ലാമുണ്ടെങ്കിലും കമ്മീഷന്റെ നിലനില്പ് അപകടത്തിലാണ്.

പണം അനുവദിക്കുന്നില്ലെന്നല്ല, കമ്മീഷനെ നാണം കെടുത്താനും ഒരു ശ്രമമാരംഭിച്ചിട്ടുണ്ട്. ഇതുവരെ മനുഷ്യാവകാശ കമ്മീഷനിലെ അംഗങ്ങളുടെ വസതിയിൽ രാപ്പകൽ കാവൽക്കാരുണ്ടായിരുന്നു. അതിന്നും പുറമെ അംഗങ്ങൾക്ക് അംഗരക്ഷകരുമുണ്ടായിരുന്നു. ഈയിടെ ആഭ്യന്തര വകുപ്പ് വിവിധ വിഭാഗങ്ങൾക്കുള്ള രക്ഷാനടപടി പുനരവലോകനം ചെയ്യുകയുണ്ടായി. മനുഷ്യാവകാശ കമ്മീഷന്ന് ഇത്രയൊക്കെ രക്ഷാനടപടി ആവശ്യമില്ല എന്നതാണ് ആഭ്യന്തര വകുപ്പിന്റെ നിഗമനമെന്ന് റിപ്പോർട്ടുണ്ട്. എന്നാൽ ഇതുവരെ ഇതു സംബന്ധിച്ച പ്രഖ്യാപനമൊന്നും പുറത്തുവന്നിട്ടില്ല. ❑

# കർണ്ണാടക ലോകായുക്തയുടെ രാജിയും പിന്മാറ്റവും

**ക**ർണാടകത്തിലെ ലോകായുക്തയായ എൻ. സന്തോഷ് ഹെഗ്ഡെ ജൂൺ 23ന്ന് രാജി സമർപ്പിക്കുകയും പിന്നീടത് രാഷ്ട്രീയ സമ്മർദ്ദങ്ങളുടെ ഫലമായി പിൻവലിക്കുകയും ചെയ്തു.

അഴിമതിക്കാരെ നേരിടുന്നതിൽ സർക്കാർ കാണിക്കുന്ന നിസ്സഹകരണ മനോഭാവത്തിൽ പ്രതിഷേധിച്ചാണ് താൻ രാജി വക്കുന്നതെന്ന് ജൂൺ 23ന്ന് അദ്ദേഹം പത്രക്കാരോട് പറഞ്ഞിരുന്നു. പിന്നീട് അദ്വാനിയടക്കമുള്ള ബി.ജെ.പി നേതാക്കന്മാർ ബംഗളൂരിലെത്തി ചർച്ച നടത്തിയതിനെത്തുടർന്നാണ് ഹെഗ്ഡെ രാജി പിൻവലിച്ചത്.

കർണാടകത്തിൽ ലോകായുക്തയും സർക്കാരും തമ്മിൽ ഉരസൽ ആരംഭിച്ചിട്ട് കൊല്ലങ്ങളേറെയായി. കോൺഗ്രസ് ഭരിച്ചാലും ബി.ജെ.പി. ഭരിച്ചാലും ജനതാദളം ഭരിച്ചാലും ഇതിൽ വ്യത്യാസമൊന്നും വരാറില്ല. ലോകായുക്തയുടെ അന്വേഷണ വിഭാഗം തീർത്തും സ്വതന്ത്രമാണ്. അഴിമതിക്കാരായ ഉദ്യോഗസ്ഥന്മാരുടെ വീടുകളിലും ഓഫീസുകളിലും മിന്നൽ പരിശോധന നടത്തി കണക്കിൽ പെടാത്ത കോടിക്കണക്കിന്നു രൂപയുടെ സ്വത്തുക്കൾ ലോകായുക്ത പിടികൂടാറുണ്ട്.

എന്നാൽ ഇവർക്കെതിരെ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കണമെങ്കിൽ സർക്കാരിന്റെ അനുമതി വേണം. ഒരു ഉദ്യോഗസ്ഥനെ പ്രോസിക്യൂട്ട്



സന്തോഷ് ഹെഗ്ഡെ

ചെയ്യാനും ഗവർമ്മേണ്ട് അനുമതി നൽകാറില്ല. കാട്ടുകള്ളന്മാരായ ഉദ്യോഗസ്ഥന്മാരുടെ പേർ വിവരവും അവർ

സമ്പാദിച്ചു കൂട്ടിയ സ്വത്തിന്റെ വിവരവും പ്രസിദ്ധീകരിക്കാൻ മാത്രമേ ലോകായുക്തക്ക് കഴിയൂ എന്നതാണ് സ്ഥിതി.

ഈയിടെ കർണാടകത്തിലെ ബലകേറി തുറമുഖത്തുനിന്ന് 35 ലക്ഷം ടൺ ഇരുമ്പയിര് കാണാതായി. വനം വകുപ്പിലെ ഡെ. കൺസർവേറ്ററായ ആർ. ഗോകുൽ ഈ തട്ടിപ്പിന്റെ വിശദാംശങ്ങൾ ലോകായുക്തയെ അറിയിച്ചു. സർക്കാർ ഇതിന്നു ഗോകുലിന്നു നൽകിയ പ്രതിഫലം സസ്പെൻഷനായിരുന്നു. സത്യസന്ധനായ ഒരു ഉദ്യോഗസ്ഥൻ വേട്ടയാടപ്പെടുമ്പോൾ അതിനെ തടയാൻ തനിക്കൊന്നും ചെയ്യാനാവില്ലന്ന കുണ്ഠിതമാണ് ഹെഗഡെയെ രാജിവയ്ക്കാൻ പ്രേരിപ്പിച്ചത്. മുഖ്യമന്ത്രി യെദ്യൂരപ്പക്ക് കുലുക്കമൊന്നുമുണ്ടായില്ലെങ്കിലും ദൽഹിയിൽനിന്ന് പാർട്ടി പ്രസിഡണ്ടടക്കമുള്ളവർ ബാംഗ്ളൂരിലെത്തി സന്ധി സംഭാഷണം നടത്തി ഹെഗ്ഡെയെക്കൊണ്ട് രാജി പിൻവലിപ്പിക്കുകയാണുണ്ടായത്.

ആരാണീ ഹെഗ്ഡെ? പുതിയ തലമുറക്കതിനെപ്പറ്റി അറിവുണ്ടാകാനിടയില്ല. ഇന്ദിരാഗാന്ധിയുടെ വാഴ്ചക്കാലത്ത് ജഡ്ജിമാർക്ക് രാഷ്ട്രീയ പ്രതിബദ്ധതയുണ്ടാകണമെന്ന് വിധിക്കുകയുണ്ടായി. അതനുസരിച്ച് സീനിയർമാരായ മൂന്നു ജഡ്ജിമാരെ അവഗണിച്ചുകൊണ്ട് ജ. എ.എൻ. റായിയെ സുപ്രീം കോടതിയിലെ ചീഫ് ജസ്റ്റീസായി നിയമിച്ചു. അന്നു അവഗണിക്കപ്പെട്ട സുപ്രീം കോടതിയിലെ മൂന്നു ജഡ്ജിമാരും രാജിവച്ചിറങ്ങിപ്പോന്നു. അതിലൊരാളായിരുന്ന ജ. കെ.എസ്. ഹെഗ്ഡെയുടെ മകനാണ് കർണാടകത്തിലെ ലോകായുക്തയായ സന്തോഷ് ഹെഗ്ഡെ.

സുപ്രീം ോടതിയിൽനിന്ന് രാജിവച്ച ജ. കെ.എസ്. ഹെഗ്ഡെ പിന്നീട് ജയപ്രകാശിന്റെ അഴിമതി വിരുദ്ധ പ്രക്ഷോഭണത്തിൽ പങ്കാളിയായിരുന്നു. പിന്നീട് ജനതാ ടിക്കറ്റിൽ ബാഗ്ളൂരിൽ മത്സരിക്കുകയും മുൻമുഖ്യമന്ത്രി ഹനുമന്തയെ തോല്പിച്ച് ലോകസഭാംഗമാകുകയും ചെയ്തിരുന്നു. ജനതാപാർട്ടി പിളരുകയും ബി.ജെ.പി. രൂപം കൊള്ളുകയും ചെയ്തപ്പോൾ അതിന്റെ ദേശീയ വൈസ് പ്രസിഡണ്ടായും ഹെഗ്ഡെ പ്രവർത്തിച്ചിരുന്നു.

ജ. സന്തോഷ് ഹെഗ്ഡെയും കോൺഗ്രസ്സിതര ഗവർമ്മേണ്ടുകളുമായി ബന്ധപ്പെട്ടു പ്രവർത്തിച്ചിരുന്നു. രാമകൃഷ്ണ ഹെഗ്ഡെ മുഖ്യമന്ത്രിയായിരുന്ന കാലത്ത് സന്തോഷ് ഹെഗ്ഡെ അഡ്വക്കേറ്റ് ജനറലായിരുന്നു. ഹെഗ്ഡെ-ബൊമ്മ വടംവലിയെത്തുടർന്ന് ഹെഗ്ഡെ മുഖ്യമന്ത്രിപദം ഒഴിഞ്ഞപ്പോൾ സന്തോഷ് ഹെഗ്ഡെ അഡ്വക്കറ്റ് ജനറൽ സ്ഥാനവും രാജിവച്ചു. വി.പി. സിങ് പ്രധാനമന്ത്രിയായിരുന്ന കാലത്ത് (1989-90) ഹെഗ്ഡെ അഡീഷണൽ സോളിസിറ്റർ ജനറലായി. വാജ്പേയി പ്രധാനമന്ത്രിയായകാലത്താണ് ഹെഗ്ഡെയെ സുപ്രീം കോടതി ജഡ്ജിയായി നിയമിച്ചത്. 2006 ൽ കുമാരസ്വാമി കർണാടക മുഖ്യമന്ത്രിയായിരുന്ന കാലത്താണ് സന്തോഷ് ഹെഗ്ഡെ ലോകായുക്തയായി നിയമിതമായത്.

ഇന്ത്യയിൽ അഴിമതിക്കെതിരായി ആരുമില്ലെന്ന് ഹെഗ്ഡെ പറയുന്നു. പണക്കാരെ സംബന്ധിച്ചിടത്തോളം കൈക്കൂലി ഒരു മൂലധന നിക്ഷേപമാണ്. നാളെ അത് ഇരട്ടിയായി തിരിച്ചുകിട്ടും. ഇടത്തരക്കാരാണെങ്കിൽ കോടതി കയറാനും കേസ് നടത്താനും ഇഷ്ടപ്പെടുന്നില്ല. ദരിദ്രരാകട്ടെ ഒന്നിന്നും കഴിവില്ലാത്തവരുമാണ് എന്ന് ഹെഗ്ഡെ പറയുന്നു. രാഷ്ട്രീയത്തെ അടിമുടി വെറുക്കുന്ന ഒരാളാണ് ഹെഗ്ഡെ. ❑




# വളരാതെത്തന്നെ പിളരുന്ന ഇന്ത്യൻ സോഷ്യലിസ്റ്റുകൾ

- നീലഭ മിത്ര -

**പ**ഴയ സോഷ്യലിസ്റ്റുകളുടെ ഇന്നത്തെ ദയനീയാവസ്ഥ കാണുന്നത് വേദനാജനകമാണ്. ജോർജ് ഫർണാണ്ടസ്സിന്റെ ജീവിതത്തിലെ സംഭവവികാസങ്ങൾ നോക്കൂ; മുലായംസിങ് യാദവിന്റെ രാഷ്ട്രീയം നോക്കൂ. നമുക്കിവിടെ വിവാദങ്ങളിലേക്കൊന്നും പ്രവേശിക്കണ്ട. ഇന്ത്യൻ ജനാധിപത്യത്തിന്റെ 1950 മുതൽ 1970 വരെയുള്ള പരിണാമദശയിൽ തങ്ങളുടെ പ്രതിജ്ഞ നിറവേറ്റുന്നതിൽ ഇന്ത്യൻ സോഷ്യലിസ്റ്റുകൾക്കുണ്ടായ പരാജയത്തെ വിശകലനം ചെയ്യാൻ മാത്രം നമുക്കീ അവസരം ഉപയോഗപ്പെടുത്താം.

സ്വാതന്ത്ര്യ പ്രാപ്തിക്കുശേഷം സോഷ്യലിസ്റ്റ് പാർട്ടിയെ നയിച്ചിരുന്നത് ജയപ്രകാശ് നാരായൺ, നരേന്ദ്രദേവ്, അച്യുത് പട്വർധൻ, രാംമനോഹർ ലോഹിയ തുടങ്ങിയ താരതമ്യേന ചെറുപ്പക്കാരായ നേതാക്കളായിരുന്നു. കോൺഗ്രസ്സിനുള്ള വെല്ലുവിളി പ്രധാനമായും ഈ സോഷ്യലിസ്റ്റ് പാർട്ടിയിൽനിന്നായിരുന്നു. ആർ.എസ്.എസ്. - ജനസംഘം പോലേയോ കമ്യൂണിസ്റ്റുകാരെപ്പോലേയോ സ്വാതന്ത്ര്യ സമരത്തെ ഒറ്റിക്കൊടുത്തവരല്ല ഇവർ. സ്വാതന്ത്ര്യസമരനേതാക്കളുടേതായ ഒരു പ്രഭാമണ്ഡലം സോഷ്യലിസ്റ്റ് നേതാക്കൾക്കുമുണ്ടായിരുന്നു. കോൺഗ്രസ് നേതാവായ ജവാഹർലാൽ നെഹ്റുവിനെ പ്രത്യയശാസ്ത്രപരമായി സമാന മണ്ഡപത്തിൽ നേരിടാൻ കഴിവുള്ളവരായിരുന്ന ഇവർ. നെഹ്റുവിന്റെ നയങ്ങൾക്കൊരു ബദൽ ഇവർ അവതരിപ്പിച്ചു. അധികാര വികേന്ദ്രീകരണം, ഭാഷാദേശീയത, ജാതീയതയെ കീഴ്മേൽ മറിക്കൽ എന്നിവയെല്ലാം അതിൽ ഉൾപെട്ടിരുന്നു. കടുത്ത സോഷ്യലിസ്റ്റായിരുന്ന ലോഹിയ ഭരണാധികാരികളുടെ വ്യക്തിപരമായ ഉത്തരവാദിത്വത്തിന്റെ കാര്യത്തിൽ അശേഷം വിട്ടുവീഴ്ചക്ക് തയ്യാറില്ലായിരുന്നു. 1950 ൽ തിരു-കൊച്ചി സംസ്ഥാനത്തിൽ ഒരു വെടിവെപ്പിൽ ഏഴുപേർ മരിച്ചപ്പോൾ, സ്വന്തം പാർട്ടിയായ പ്രജാസോഷ്യലിസ്റ്റ് പാർട്ടിയുടെ ഗവർമ്മേണ്ടാണതെന്നിരുന്നിട്ടും, പ്രജാസോഷ്യലിസ്റ്റ് പാർട്ടിക്കാരനായ മുഖ്യമന്ത്രി പട്ടം താണുപിള്ള അതിന്റെ ഉത്തരവാദിത്വം ഏറ്റെടുത്ത് രാജിവയ്ക്കണമെന്ന് ലോഹിയ ശഠിച്ചു.

ഇന്ത്യയിലേത് അങ്ങേയറ്റം യാഥാസ്ഥിതികമായ ഒരു സാമൂഹ്യ-രാഷ്ട്രീയ സാഹചര്യമായിരുന്നിട്ടും ലോഹിയ പരസ്യമായിത്തന്നെ സ്ത്രീ-പുരുഷ ബന്ധത്തെ ന്യായീകരിച്ചു. സ്ത്രീ-പുരുഷ ബന്ധം പ്രലോഭനത്തിലൂടേയോ ബലപ്രയോഗത്തിലൂടേയോ നടപ്പാക്കാത്തിടത്തോളം കാലം അതിലാർക്കും തലയിടേണ്ട കാര്യമില്ലെന്ന് അദ്ദേഹം വാദിച്ചു. ജയപ്രകാശിന്റെ കാലഘട്ടത്തിന്നുശേഷം ഛത്രയുവസംഘർഷവാഹിനിയിലെ അംഗങ്ങളായ യുവതീയുവാക്കൾ ഈയൊരു തത്വത്തിന്റെ അടിസ്ഥാനത്തിൽ ഒന്നിച്ചു ജീവിക്കാനും വിവാഹം രജിസ്റ്റർ ചെയ്യാനും പ്രോത്സാഹിപ്പിച്ചു.

കോൺഗ്രസ്സിതരത്വമെന്ന തന്റെ രാഷ്ട്രീയ തന്ത്രം വിജയശ്രീലാളിതമാകുന്നത് കണ്ടതിന്നുശേഷം 1967ൽ ലോഹിയ നിര്യാതനായി. ഈ കോൺഗ്രസ്സിതര സിദ്ധാന്തംമൂലം കോൺഗ്രസ്സിന്ന് ഒമ്പത് സംസ്ഥാനങ്ങ

ളിൽ അധികാരം നഷ്ടപ്പെട്ടു. പിന്നീടുള്ള ദശകങ്ങളിൽ ലോഹിയയുടെ അനുയായികൾതന്നെ വ്യക്തിപരമായ ഉത്തരവാദിത്വത്തെ തലതിരിച്ചുവിട്ടു. ഈ ശിഷ്യന്മാർക്ക് വ്യക്തിപരം എന്നത് സ്വാർത്ഥതാൽപര്യമായി. വ്യക്തിപരമായ ഉത്തരവാദിത്വമെന്ന രാഷ്ട്രീയ മൂല്യം അവർക്ക് നഷ്ടപ്പെട്ടു. ദുരഭിമാനവും സ്വാർത്ഥതാൽപര്യങ്ങളും സോഷ്യലിസ്റ്റുകാരിൽ പിളർപ്പുണ്ടാക്കി. ജനതാ കാലഘട്ടത്തിന്നുമുമ്പും പിമ്പും ഇതാണുണ്ടായത്.

സോഷ്യലിസ്റ്റ് നേതാവായ ബിന്ദേശ്വരി പ്രസാദ് മണ്ഡൽ ബീഹാറിലെ മുഖ്യമന്ത്രിയാകാൻ സംയുക്ത സോഷ്യലിസ്റ്റ് പാർട്ടിയെ പിളർന്നതോടെ പിളർപ്പിന്റെ പുരാണമാരംഭിക്കുന്നു. (ഇതേ മണ്ഡൽ തന്നെയാണ് പിൽക്കാലത്ത് പ്രസിദ്ധമായിത്തീർന്ന മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് തയ്യാറാക്കിയതും) പിൻതിരിഞ്ഞു നോക്കുമ്പോൾ, ലോഹിയയുടെ മരണാനന്തരം നടന്ന പ്രധാന സോഷ്യലിസ്റ്റ് പിളർപ്പിൽ എന്തെങ്കിലും യഥാർത്ഥ പ്രശ്നം ഉൾക്കൊണ്ടിരുന്നതായി തോന്നുന്നുണ്ടോ? രാജനാരായണനും കർപ്പൂരി ഠാക്കൂറും ഒരു വശത്തും മധുലിമായേയും ജോർജ് ഫെർണാണ്ടസ്സും മറുവശത്തുമായിട്ടായിരുന്നു പിളർപ്പ്. 1979ൽ ജനതാപാർട്ടി പിളർന്നത് ആഭ്യന്തര വടംവലികൾ മൂലമായിരുന്നു. അത്യന്തം വ്യത്യസ്തമായ അഞ്ചു ഘടകങ്ങളടങ്ങിയതായിരുന്നു ജനതാപാർട്ടി. വ്യക്തിപരമായ നേട്ടത്തിന്നുവേണ്ടിയുള്ള തികഞ്ഞ അവസരവാദം നമുക്കിതിൽ കാണാം. തീപ്പൊരി സോഷ്യലിസ്റ്റായിരുന്ന ജോർജ് ഫെർണാണ്ടസ് ഒരു ദിവസം മൊറാർജി ദേശായിയുടെ നേതൃത്വത്തിലുള്ള ഗവർമ്മേണ്ടിനെ ന്യായീകരിച്ചുകൊണ്ട് അവിശ്വാസ പ്രമേയത്തിന്നെതിരായി ഒരു തീപ്പൊരി പ്രസംഗം തന്നെ നടത്തി; അടുത്ത ദിവസംതന്നെ അദ്ദേഹം ആ ഗവർമ്മേണ്ടിന്നെതിരായി വോട്ടു ചെയ്തു. സ്വാർത്ഥ ലാഭത്തിന്നുവേണ്ടി രാഷ്ട്രീയ തത്വങ്ങളെ ബലികഴിക്കുന്ന ഏർപ്പാട് അന്നാരംഭിച്ചു. പിന്നീട് ലാലു പ്രസാദ് യാദവും മുലായം സിങ് യാദവും കുടുംബ പാർട്ടികൾക്ക് രൂപം നൽകി. ജോർജ് ഫെർണാണ്ടസ്സാകട്ടെ, തന്റെ രാഷ്ട്രീയം കൈകാര്യം ചെയ്യാനുള്ള അധികാരം സുഹൃത്തായ ജയ ജയ്റ്റ്ലിക്ക് ഏല്പിച്ചുകൊടുത്തു. ഇന്ന് ഏതാണ്ടെല്ലാ പാർട്ടികളും കുടുംബ പാർട്ടികളാണെങ്കിലും കോൺഗ്രസ്സിന്റെ കുടുംബ രാഷ്ട്രീയത്തെ ഏറ്റവും നിശിതമായി വിമർശിച്ചുപോന്നവർ സോഷ്യലിസ്റ്റുകളായിരുന്നുവെന്നതാണ് ഇതിലെ വിരോധാഭാസം.

ആദ്യം മുതൽക്കേ പിളർപ്പിന്റേയും കാലുമാറ്റത്തിന്റേയും ചുവയനുഭവപ്പെട്ടുവന്നത് സോഷ്യലിസ്റ്റുകാർക്കിടയിലായിരുന്നുവെന്ന് സമ്മതിച്ചേ തീരൂ. ജയപ്രകാശ് നാരായൺ 1954ൽ തന്നെ തന്റേതായ സർവ്വോദയ മാർഗ്ഗത്തിലേക്ക് മാറി. ലോഹിയയും അദ്ദേഹത്തിന്റെ എതിരാളികളും അതോടെ വഴക്കടിച്ചു പിരിഞ്ഞു. അങ്ങനെ സംയുക്ത സോഷ്യലിസ്റ്റ് പാർട്ടിയെന്നും പ്രജാ സോഷ്യലിസ്റ്റ് പാർട്ടിയെന്നും രണ്ട് പാർട്ടികൾ രൂപംകൊണ്ടു. അശോക്മേത്ത, ചന്ദ്രശേഖർ, മോഹൻ ധാരിയ തുടങ്ങിയവർ പ്രജാ സോഷ്യലിസ്റ്റ് പാർട്ടി വിട്ട് നെഹ്റുവിന്റെ പിന്നാലെ പോയി. ഈ പിളർപ്പുകളിലോരോന്നും സംഭവിച്ചത് പ്രത്യയശാസ്ത്രപരമായ ഒട്ടേറെ വിവാദങ്ങളുടെ അടിസ്ഥാനത്തിലായിരുന്നു. തലനാരിഴ കീറുന്ന നിരർത്ഥകമായ വിവാദങ്ങളായിരുന്നു ഓരോന്നും; എന്നാൽ ഇവയൊന്നും അധികാരത്തിന്നു വേണ്ടിയായിരുന്നുവെന്ന് പറയാനാവില്ല. ലോഹിയായുഗാനന്തരം സ്ഥിതിഗതികൾ ആകെ മാറി.

സോഷ്യലിസ്റ്റുകളുടെ കോൺഗ്രസ്സിതരത്വം 1967ൽ ചരിത്രം സൃഷ്ടിച്ചു.; അവരുടെ ജാതിവിരോധം 1977ലും ➡



ചരിത്രം സൃഷ്ടിക്കുകയുണ്ടായി. ഒടുവിൽ അതൊക്കെ ദയനീയമായി കലാശിച്ചതെന്തുകൊണ്ടാണ്? കോൺഗ്രസ്സിതരത്വമെന്നത് ചില പ്രത്യേക സാഹചര്യങ്ങളെ നേരിടാനുള്ള ഒരു തന്ത്രമായിരുന്നിരിക്കാം. കോൺഗ്രസ്സിന്റെ അധികാര കുത്തകക്ക് അറുതിവന്നതോടെ കോൺഗ്രസ്സിതരത്വത്തിന്ന് പ്രസക്തിയില്ലാതായെന്നു സമ്മതിക്കാം. എന്നാൽ സോഷ്യലിസ്റ്റ് രാഷ്ട്രീയത്തെ ജാതീയത വിഴുങ്ങിക്കളഞ്ഞതെങ്ങനെയാണ്? എന്നാൽ സാമ്പത്തിക-രാഷ്ട്രീയ വികേന്ദ്രീകരണത്തിന്നുവേണ്ടി നിലകൊണ്ടിരുന്ന സോഷ്യലിസ്റ്റുകാർ, ദാരിദ്ര്യ നിവാരണത്തിന്നുവേണ്ടിയും വിലവർധനക്കെതിരായും ഭൂനയ പരിഷ്ക്കാരത്തിന്നുവേണ്ടിയും നിലകൊണ്ടിരുന്നവർ, ഭാഷാ ഭ്രാന്ത് പറഞ്ഞിരുന്നവർ, ജനാധിപത്യപരമായ അവകാശങ്ങൾക്കുവേണ്ടിയും പൗരാവകാശങ്ങൾക്കുവേണ്ടിയും പൊരുതിയിരുന്നവർ, അതിനെല്ലാം പറ്റിയ ഭരണഘടനാപരവും നയപരവുമായ മാർഗ്ഗങ്ങൾ ആവിഷ്കരിക്കുന്നതിൽ ദയനീയമായി പരാജയപ്പെട്ടു.

അധ:സ്ഥിത ജനങ്ങൾക്കുവേണ്ടി വാദിക്കുന്നവർ സ്വയം അറിയാതെത്തന്നെ സ്വന്തം ജാതിക്കാർക്കുവേണ്ടി വാദിക്കന്നവരായി മാറിപ്പോകുന്നത് സ്വാഭാവികം; അവിടെ ഒന്നു കാൽവഴുതുന്നതോടെ സ്വന്തം കുടുംബത്തിന്ന് വേണ്ടി വാദിക്കുന്നവരായി അവർ അധ:പതിക്കുന്നു. കുടുംബരാഷ്ട്രീയം ജനിക്കുന്നതങ്ങനെയാണ്. ❏



# എല്ലാ ബഹുരാഷ്ട്ര കുത്തക കമ്പനികളും ഇന്ത്യ വിടണം:

- മേധാ പഢ്ക്കർ -

*(2010 ആഗസ്റ്റ് 7ന് കാതിക്കൂടത്തെ സമരക്കാരെ അഭിസംബോധന ചെയ്തുകൊണ്ട് മേധാ പഢ്ക്കർ നടത്തിയ ആവേശോജ്വലമായ പ്രസംഗത്തിൽ നിന്ന്.)*

സമര സഖാക്കളെ ആവേശ ഭരിതരാക്കിക്കൊണ്ട് കാതിക്കൂടത്തെ സമരഭൂമിയിൽ മേധാ പഢ്ക്കർ എത്തുമ്പോൾ രാത്രി ഏറെ വൈകിയിരുന്നു. പത്തുമണിക്കുശേഷം നിയമപരമായി മൈക്ക് ഓഫ് ചെയ്യുമ്പോഴും മേധയെ കാണാനും കേൾക്കാനും സ്ത്രീകളും കുട്ടികളും അടങ്ങുന്ന വൻ ജനാവലി സമരപ്പന്തലിലും പരിസരത്തുമായി തങ്ങിനിന്നു. 'ലഡേങ്കേ-ജീത്തേങ്കേ' (നമ്മൾ പോരാടും, വിജയം നേടും) എന്ന മുദ്രാവാക്യം അവർ ചൊല്ലിക്കൊടുത്തപ്പോൾ സ്കൂൾ കുട്ടികളുടെ ആവേശത്തോടെ എല്ലാരും മുഷ്ടിയുയർത്തി ഏറ്റുചൊല്ലി.

കാതിക്കൂടത്തെ NGIL കമ്പനിക്കെതിരെ സമരം ചെയ്യുന്ന നാട്ടുകാരുടെ സംഘബലവും മനോബലവും കണ്ട് മേധാ പഢ്ക്കർ സംസാരിച്ചു തുടങ്ങിയത് ക്ഷമാപണത്തോടെയാണ്. ഞാനിവിടെ നേരത്തെ തന്നെ വരേണ്ടതായിരുന്നു. നാളുകൾക്ക് മുമ്പേ വരാതിരുന്നതിനും ഇന്നിപ്പോൾ ഇത്രയേറെ വൈകി വന്നതിനും നിങ്ങളോട് ക്ഷമ ചോദിക്കുന്നു. നിങ്ങളുടെ പ്രക്ഷോഭത്തിൽ ഞങ്ങൾ കൂടെയുണ്ടന്ന് പറയാനും സ്ത്യാഗ്രഹികൾക്ക് അഭിവാദ്യമർപ്പിക്കാനുമാണ് ഞാനിവിടെ വന്നിരിക്കുന്നത്.

ഈ ചാലക്കുടി പുഴ മലിനമാകുമ്പോൾ, ഇവിടെ ജീവിതം ദുർഗന്ധത്താൽ ദുസ്സഹമാകുമ്പോൾ എതിർക്കപ്പെടേണ്ടതുണ്ട്. മലിനീകരണം എന്തുകൊണ്ട് എന്ന് പറയേണ്ടത് അമേരിക്കയിലെയോ ജപ്പാനിലെയോ ശാസ്ത്ര

ജ്ഞരല്ല, ഇവിടുത്തെ ജനങ്ങളാണ്. ഈ നാട്ടിലെ കൃഷിക്കാരും അമ്മമാരും കുട്ടികളുമാണ് ഇതനുഭവിക്കുന്നത്-അവരാണ് പറയേണ്ടത്. അവർക്കാണതിന് സാധിക്കുക. അവരാണ് യഥാർത്ഥ ശാസ്ത്രജ്ഞർ.

ജനനീതി പോലുള്ള പഠന സംഘങ്ങൾ വരുന്നതിനു മുമ്പ്തന്നെ നിങ്ങൾ വസ്തുതകൾ നിരത്തി സമരം ഉയർത്തിക്കഴിഞ്ഞു. നിങ്ങളുടെ നിഗമനങ്ങൾ ശരിവെക്കുന്നതാണ് പഠന റിപ്പോർട്ട്. അതിനെ ഗൗരവമായി കാണണം. ലക്ഷക്കണക്കിന് ലിറ്റർ ജലം പുഴയിൽനിന്ന് എടുക്കുന്നതും ടൺകണക്കിന് മാലിന്യം പുഴയിലേക്ക് തള്ളുന്നതും ഗൗരവത്തോടെ കാണണം. ഇത്തരമൊരവകാശം ഒരു കമ്പനിക്കും കൊടുക്കാൻ ആർക്കുമാവില്ല. ഇതിനെ ചോദ്യം ചെയ്യാൻ നിയമപരമായും ഭരണഘടനാപരമായും നമുക്കവകാശമുണ്ട്. ശുദ്ധമായ വായുവിനും വെള്ളത്തിനുമുള്ള അവകാശം ഭരണഘടന നമുക്ക് നൽകിയിട്ടുണ്ട്. അത് നിഷേധിക്കുന്നവർ നിയമലംഘനമാണ് നടത്തുന്നത്. അവർക്കെതിരെ നിയമവും ഭരണഘടനയും ആയുധമാക്കി പോരാടണം.

ചാലക്കുടിപുഴ സുന്ദരമായ ഒരു ചെറുനദിയാണ്. സൗന്ദര്യത്തിനപ്പുറം അത് പുഴത്തടവാസികളുടെ ജീവിതരേഖയാണ്. അതിനെ രക്ഷിക്കാൻ, പ്രകൃതിയെ സംരക്ഷിക്കാൻ നടത്തുന്ന സമരത്തോട് കേരളത്തിലെ ഇടതുപക്ഷ സർക്കാർ മുഖം തിരിഞ്ഞു നിൽക്കുകയാണ്. സർക്കാരും പാർട്ടിയും കമ്പനിയും തമ്മിലുള്ള രഹസ്യ ബാന്ധവമാണിതിനു കാരണം. അതുകൊണ്ടാണ് പൊലൂഷൻ കൺട്രോൾ ബോർഡ് കമ്പനിക്കനുകൂലമായ റിപ്പോർട്ട് എഴുതുന്നത്. അതുകൊണ്ടാണ് കാർഷിക സർവ്വകലാശാലയിലെ ശാസ്ത്രജ്ഞൻ കമ്പനിയിലെ മാലിന്യം ജൈവവളമാണെന്ന് സാക്ഷ്യപ്പെടുത്തുന്നത്. കമ്പനി കാണാൻ മറ്റുള്ളവരെ ക്ഷണിക്കുമ്പോൾ എന്ത്കൊണ്ട് ആക്ഷൻ കൗൺസിലിനെ ഒഴിവാക്കുന്നു? എന്തിനാണിവർ അനിൽകുമാർ എന്ന സമരനേതാവിനെ ഭയപ്പെടുന്നത്? നമ്മളെ വിലക്കെടുക്കാൻ ആർക്കും സാധിക്കില്ല എന്ന് ബോധ്യമുള്ളപ്പോൾ കമ്പനി കാണുന്നതിൽ തകരാറൊന്നുമില്ല.

ജപ്പാന്റെ സഹകരണത്തോടെ ഇവിടെ നടക്കുന്നതുതന്നെ നർമ്മദയിലും സംഭവിച്ചിരുന്നു. അവിടെ ഡാം നിർമ്മാണത്തിന് മുതൽ മുടക്കാൻ ജപ്പാൻ കമ്പനിയാണ് ധാരണയുണ്ടാക്കിയത്. നർമ്മദാവാലിയെപ്പറ്റി യാതൊരു അറിവുമില്ലാത്തവർ അവിടെ പണം മുടക്കാൻ തീരുമാനിക്കുന്നു. ഞങ്ങൾ ജപ്പാനെയും കമ്പനിയെയും പരിസ്ഥിതി ക്ലബ്ബുകളെയും കാര്യങ്ങൾ ബോധ്യപ്പെടുത്തി. നർമ്മദാ ഡാമിന് മുതൽ മുടക്കാനുള്ള തീരുമാനത്തിൽനിന്ന് ജപ്പാൻ പിന്മാറി. കാതിക്കൂടത്തുനിന്ന് NGIL കമ്പനിയെ പിൻവലിക്കാൻ തീരുമാനിച്ചാൽ അത് ഇതിലും മഹത്തായ കാര്യമായിരിക്കും. 'NGIL കമ്പനി ഇന്ത്യ വിടുക' എന്ന നിങ്ങളുടെ മുദ്രാവാക്യം സഫലമായിത്തീരുകതന്നെ ചെയ്യും. അപ്പോൾ സമരം അവസാനിപ്പിക്കരുത്. എല്ലാ ബഹുരാഷ്ട്ര കുത്തക കമ്പനികളും നമ്മുടെ രാജ്യം വിട്ടുപോകുന്നതുവരെ സമരം നിങ്ങളുടെ കൈയ്യിലെ ചെറുതിരി നാളമാണ്. മറ്റിടങ്ങളിലും പ്രകാശം പരത്തുന്ന തിരിനാളമായി അത് മാറട്ടെ.

സിന്ദാബാദ്

(പ്രൊഫ. കുസുമം ജോസഫ് തയ്യാറാക്കിയത്)



# എന്താണീ വിക്കി ലീക്സ്?

- ടി.വി. അച്ചുതവാരിയർ -

**ഇ**തിന്ന് സുഗമമായ വിധത്തിൽ ഒരു വിശദീകരണം നൽകാനാവില്ല. ഇതിൽ കുറെയധികം സാങ്കേതികത്വമുണ്ട്. എങ്കിലും ഒരു ഏകദേശ ജ്ഞാനം ലഭിക്കത്തക്ക വിധത്തിൽ അല്പം വിശദീകരിക്കാം.

നമ്മുടെ നാട്ടിൽ സകലമേഖലകളും അഴിമതിയിൽ ആണ്ടുകിടക്കുകയാണ്. മിക്കവർക്കും അതറിയുകയും ചെയ്യാം. പക്ഷെ അത് ചൂണ്ടിക്കാട്ടാനോ എതിർക്കാനോ അധികം പേരൊന്നും തയ്യാറാവില്ല. കാരണം, അഴിമതിക്കാർ പ്രതാപികളാണ്. അഴിമതി ചൂണ്ടിക്കാണിച്ചവരെ തല്ലികൊല്ലാൻ പോലും അവർ മടിക്കില്ല. അഴിമതി ചൂണ്ടിക്കാണിച്ച "കുറ്റ"ത്തിന്ന് നമ്മുടെ നാട്ടിൽ എത്രയോ പേർ കൊല്ലപ്പെട്ടിട്ടുണ്ട്-എല്ലാം ആത്മഹത്യ എന്ന കണക്കിൽ എഴുതിതള്ളുകയാണ് പതിവ്.

എന്നാൽ ഇപ്പോൾ അഴിമതിക്കാരെയെല്ലാം നിസ്സഹായരാക്കുന്ന ഒരു മൂർത്തി അവതരിച്ചിരിക്കുന്നു. ഹിരണ്യകശിപുവിനോട് പ്രഹ്ലാദൻ പറഞ്ഞതുപോലെ ഈ "വിക്കിലീക്സ്" തൂണിലുണ്ട്, തുരുമ്പിലുമുണ്ട്; സർവ്വത്രയുണ്ട്. വിക്കിലീക്സ് അതിന്റെ മേൽവിലാസമായി കൊടുത്തിരിക്കുന്നത് "സർവ്വത്ര" എന്നാണ്. ആസ്ത്രേലിയക്കാരനായ ഒരു ജൂലിയൻ അസംഗെ നാലുകൊല്ലം മുമ്പ് സ്ഥാപിച്ച വെബ്സൈറ്റാണ് "വിക്കിലീക്സ്". സൺഷൈൻ പ്രസ്സാണ് അത് നടത്തുന്നത്. മുഴുവൻ സമയവും വിക്കി ലീക്സിന്നായി നീക്കിവച്ചിട്ടുള്ള ആറു വളണ്ടിയർമാരാണ് ഇതിന്റെ പ്രവർത്തകന്മാർ. സ്വീഡനിലും ബൽജിയത്തിലുമാണ് സർവ്വർമാർ.

ക്യൂബയിലെ ഗ്വാണ്ടാനാമോ ബേയിലുള്ള അമേരിക്കൻ തടങ്കൽ പാളയത്തിൽ പിടിച്ചിട്ടിട്ടുള്ള തടവുകാരെ പീഡിപ്പിക്കുന്നതിന്നായി തയ്യാറാക്കിയ ക്രൂരനടപടികളടങ്ങിയ "സ്റ്റാൻഡേർഡ് ഓപ്പറേറ്റിങ് പ്രൊസീഡിയേഴ്സ്" പുറത്തുവിട്ടുകൊണ്ട് 2006ലാണ് വിക്കി ലീക്സ് അവതാരംകൊള്ളുന്നത്.



ജൂലിയൻ അസംഗെ

2007ൽ കെനിയയിലെ തിരഞ്ഞെടുപ്പിനെ സ്വാധീനിക്കാനായി അമേരിക്ക 300 കോടി ഡോളർ ചെലവഴിച്ചതായിരുന്നു വിക്കി ലീക്സ് രണ്ടാമതായി പുറത്തുവിട്ട കുംഭകോണം. ഇതെല്ലാം പുറത്തുവിടുന്നത് ഇന്റർനെറ്റ് വഴിയാകയാൽ ആരാണ്, എന്നാണ് എന്നൊന്നും മനസ്സിലാക്കാൻ ഒരു മാർഗ്ഗവുമില്ല. അഴിമതി ചൂണ്ടിക്കാണിക്കുന്നവരെ തല്ലിക്കൊല്ലുക എന്നത് ഒരു പഴങ്കഥയായി മാറി എന്നർത്ഥം.

കഴിഞ്ഞ ഫെബ്രുവരി 18ന്ന് വിക്കി ലീക്സ് ഒരു അമേരിക്കൻ രഹസ്യരേഖ

പ്രസിദ്ധീകരിച്ചു. ഐസ്‌ലാൻഡിലെ അമേരിക്കൻ അമ്പാസഡർ അയച്ച ഒരു രഹസ്യ സന്ദേശമായിരുന്നു അത്. ഇതിന്റെ പിന്നിലുള്ളവരെ പിടികൂടാൻ അമേരിക്ക ഒരു ശ്രമം നടത്തിയെങ്കിലും ഒന്നും ഫലിച്ചില്ല. അതിന്നിടയിൽ ഏപ്രിൽ 5ന്ന് അസംഗൈ വാഷിങ്ടണിൽതന്നെ ഒരു പത്രസമ്മേളനം നടത്തി. 2007ൽ അമേരിക്കൻ ഹെലിക്കോപ്റ്ററുകൾ ബാഗ്ദാദിൽ നടത്തിയ ഒരു വെടിവെപ്പിൽ രണ്ട് റോയിട്ടർ ലേഖകന്മാരടക്കം പല സിവിലിയന്മാരും കൊല്ലപ്പെട്ടതിന്റെ വീഡിയോ ചിത്രം അദ്ദേഹം പത്രക്കാർക്ക് നൽകി.

പിന്നേയും ഒരുമാസംകൂടി കഴിഞ്ഞിട്ടേ അമേരിക്കൻ സൈനികരഹസ്യങ്ങൾ ചോർത്തുന്നതായി സംശയിക്കപ്പെടുന്ന ആളെ അമേരിക്കക്കാർക്ക് പിടികൂടാൻ കഴിഞ്ഞുള്ളൂ. അതാകട്ടെ, അമേരിക്കക്കാരുടെ മിടുക്കുകൊണ്ടല്ല, വിചിത്രമായ ഒരു സാഹചര്യത്തിലായിരുന്നു. മറ്റുള്ളവരുടെ കമ്പ്യൂട്ടറിൽ കയറിപ്പറ്റുന്ന ഹാക്കർ പണി അമേരിക്കയിൽ വ്യാപകമാണ്. കാലിഫോർണിയയിലെ ലാമോ എന്നൊരു വിദ്വാൻ ഹാക്കർപണി നടത്തുന്നതിന്നിടയിൽ മേയ് 21ന്ന് ബ്രാഡ്സ് എന്നൊരാളുടെ കമ്പ്യൂട്ടറുമായി ബന്ധപ്പെട്ടു തലക്ക് പിരിയിളകിയത് പോലെയായിരുന്നു അയാളുടെ പെരുമാറ്റം. ഒരുപാട് അമേരിക്കൻ സൈനിക രഹസ്യങ്ങൾ തന്റെ കൈവശം വന്നുചേർന്നിട്ടുണ്ടെന്നു മാത്രമല്ല, അതെല്ലാം ലോമോവിന്നു നൽകാനും അദ്ദേഹം തയ്യാറായി. ജനങ്ങൾ സത്യം അറിയട്ടെ എന്നാണദ്ദേഹം പറഞ്ഞത്. ജൂലിയൻ അസംഗെ എന്നൊരാൾക്കും ഇത് നൽകുന്നുണ്ടെന്ന് അദ്ദേഹം പറഞ്ഞു. മേയ് 25 വരെ ഈ അപരിചിതർ തമ്മിലുള്ള സംഭാഷണവും രേഖകളുടെ കൈമാറ്റവും തുടർന്നു. ഇതിന്നിടയിൽ ലാമോ അമേരിക്കൻ ദേശരക്ഷാവകുപ്പിനെ വിവരം അറിയിച്ചിരുന്നു. മേയ് 25ന്ന് അമേരിക്കൻ ദേശരക്ഷാവകുപ്പിലെ രഹസ്യാന്വേഷണ വിഭാഗക്കാർ ലാമോവിനെ വന്നുകണ്ടു. ലാമോ തന്റെ കൈവശംവന്നുചേർന്ന രേഖകളെല്ലാം ദേശരക്ഷാവകുപ്പുകാരെ കാണിച്ചു. മേയ് 26ന്ന് ബാഗ്ദാദിൽനിന്ന് 62 കിലോമീറ്റർ ദൂരെയുള്ള ഫോർവേർഡ് ഓപ്പറേറ്റിങ് ബേസ് ഹാമർ വിഭാഗത്തിലെ രഹസ്യാന്വേഷണ വിശകലന വിദഗ്ധനും 22 വയസ്സുമാത്രം പ്രായമുള്ളവനുമായ ബ്രാഡ്‌ലിമാനിങ് അറസ്റ്റ് ചെയ്യപ്പെട്ടു. മാനിങ്ങിനെ ഉടൻതന്നെ അതിർത്തിക്കപ്പുറത്തുള്ള കുവൈറ്റിലേക്ക് കൊണ്ടുപോകുകയും അവിടത്തെ അമേരിക്കൻ ജയിലിൽ പാർപ്പിക്കുകയും ചെയ്തു.

മാനിങ്ങിന്റെ അറസ്റ്റ് സംബന്ധിച്ച വാർത്ത വളരെ പതുക്കെയാണ് പുറത്തുവന്നത്. സാധാരണ ഗതിയിൽ ഇത് പുറത്ത് വരില്ലായിരുന്നു. പക്ഷെ അമേരിക്കൻ ദേശരക്ഷാവകുപ്പിന്ന് വിവരം നൽകിയ ലാമോയുടെ സ്നേഹിതനായി കെവിൻ പോൾസൺ എന്നൊരാളുണ്ടായിരുന്നു. അദ്ദേഹം "വയേർഡ് ന്യൂസ്" എന്നൊരു പത്രം നടത്തുന്നുണ്ട്. ലാമോ തന്റെ വിക്രിയയുടെ വിവരം പോൾസനെ അറിയിച്ചു. പത്രക്കാരന്റെ കയ്യിൽ വാർത്ത കിട്ടിയാൽ അത് പുറത്തുവരുമെന്നത് തീർച്ച. അങ്ങനെ വയേർഡ് ന്യൂസ് വഴി, മാനിങ്ങിന്റെ അറസ്റ്റിന്റെ കാര്യവും പുറത്തായി.

അത് അവിടംകൊണ്ടൊന്നും നിന്നില്ല. അമേരിക്കൻ ദേശരക്ഷാവകുപ്പ് അസംഗെയെ പിടികൂടാൻ ശ്രമിച്ചു. അസംഗെയെ അവർ ഒരു "നിഷ്പക്ഷ" മേഖലയിലേക്ക് ക്ഷണിച്ചു. അമേരിക്കൻ ദേശരക്ഷാ വകുപ്പുകാർ അസംഗെയെ കൊന്നുകളയുമെന്ന് ഡാനിയൽ എൽസ്ബർഗ് മുന്നറിയിപ്പു നൽകി.

(എൽസ് ബർഗിനെ ഓർമ്മയുണ്ടോ? പണ്ട് വിയറ്റ്നാം യുദ്ധം മൂർധന്യാവസ്ഥയിലെത്തിയ കാലത്ത് അമേരിക്കൻ ദേശരക്ഷാ വകുപ്പിന്റെ രഹസ്യരേഖകൾ പത്രങ്ങൾക്ക് ചോർത്തിക്കൊടുത്ത് ഭൂകമ്പം സൃഷ്ടിച്ചത് ഇദ്ദേഹമാണ്. ഇദ്ദേഹം പുറത്തുവിട്ട രഹസ്യരേഖകളാണ് വിയറ്റ്നാം യുദ്ധത്തിന്ന് പെട്ടെന്ന് അറുതിയുണ്ടാക്കിയത്. അമേരിക്കൻ ദേശരക്ഷാവകുപ്പ് എൽസ്ബർഗിനെ പിടികൂടിയെങ്കിലും കൊന്നുകളഞ്ഞില്ല. ജനകീയ സമ്മർദ്ദം മൂലം പിന്നീടദ്ദേഹത്തെ ജയിൽ വിമുക്തനാക്കി)

എൽസ്ബർഗും മറ്റുള്ളവരും മുന്നറിയിപ്പ് നൽകിയതുമൂലം നിഷ്പക്ഷമേഖലയിൽവച്ചുള്ള കൂടിക്കാഴ്ചയിൽനിന്ന് അസംഗെ പിന്മാറി; പിന്മാറിയെന്നല്ല, അദ്ദേഹം ഒളിവിൽ പോകുകയും ചെയ്തു.

പക്ഷെ 92000 രഹസ്യരേഖകളും കൊണ്ട് ഒരാൾ അണ്ടർ ഗ്രൗണ്ടിൽ പോയതുകൊണ്ട് കാര്യമില്ലല്ലൊ. ബ്രിട്ടനിലെ "ഗാർഡിയൻ" പത്രം നടത്തിയ പരിശ്രമങ്ങളുടെ ഫലമായി അസംഗെയെ കണ്ടെത്തി. ബ്രസൽസിലെ ഒരു കാപ്പിക്കടയിൽ വച്ചായിരുന്നു ആ കൂടിക്കാഴ്ച.

ലക്ഷക്കണക്കിന്നു രഹസ്യരേഖകൾ തന്റെ കൈവശമുണ്ടെന്ന് അസംഗെ സമ്മതിച്ചു. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ അമേരിക്ക നടത്തിവരുന്ന വിക്രിയകൾ സംബന്ധിച്ച രേഖകളാണവ. പക്ഷെ ഒരു പ്രശ്നമുണ്ട്. ഇതൊക്കെ ഒരാളുടെ കയ്യിൽ കിട്ടിയാൽ ഒന്നും മനസ്സിലാവില്ല. വിശകലന വിദഗ്ധർക്കേ ഇത് വായിച്ചാൽ മനസ്സിലാകൂ. "ഗാർഡിയൻ" പത്രത്തിലെ ചെറിയൊരു സംഘം വിദഗ്ധർക്ക് താൻ രേഖകൾ കൈമാറാമെന്ന് അസംഗെ സമ്മതിച്ചു.

പക്ഷെ എവിടെവച്ച് ആരാണ് പിടികൂടുക എന്നു പറയാനാവില്ലല്ലൊ. അതുകൊണ്ട് അവർ മറ്റൊരു പദ്ധതിക്ക് രൂപം നൽകി. അസംഗെയുടെ കയ്യിലുള്ള രഹസ്യ വിവരങ്ങൾ ബ്രിട്ടനിലെ ഗാർഡിയന്നു പുറമെ അമേരിക്കയിലെ ന്യൂയോർക്ക് ടൈംസിന്നും ജർമ്മൻ വാരികയായെ ഡെർ സ്പീഗിലിന്നും ഒരേസമയം കൈമാറുക. ഈ രഹസ്യ വിവരങ്ങൾ കൈകാര്യം ചെയ്യുന്ന രീതിയിൽ അസംഗെക്ക് ഒരു സ്വാധീനവുമുണ്ടാകില്ല. ഓരോ പത്രവും അവർക്ക് തോന്നിയ വിധത്തിൽ വാർത്ത കൈകാര്യം ചെയ്യാം. അത് പ്രസിദ്ധീകരിക്കുന്നത് "വിക്കി ലീക്സ്" എന്ന പേരിലാകണമെന്ന ഒരൊറ്റ വ്യവസ്ഥയേ അസംഗെ മുന്നോട്ടുവച്ചുള്ളൂ.

അമേരിക്കൻ ഹെലിക്കോപ്റ്റർ റോയിട്ടർ ലേഖകന്മാരുൾപ്പെടെ ഒട്ടേറെ സിവിലിയന്മാരെ കൊന്ന വാർത്ത വിക്കി ലീക്സ് പുറത്തുവിട്ടതിനെത്തുടർന്ന് വിക്കി ലീക്സിന്നെതിരെ ഒരു ദുഷ്പ്രചരണം ആരംഭിച്ചിരുന്നു. അസംഗെ വിക്കി ലീക്സ് വഴി പണമുണ്ടാക്കുന്നുണ്ടെന്നും ചെലവേറിയ ഹോട്ടലുകളിലാണ് അസംഗെ താമസിക്കുന്നതെന്നുമായിരുന്നു ഒരു കള്ള പ്രചരണം. (സ്റ്റോക് ഹോമിലെ ഒരു ഹോട്ടലിൽവച്ച് ഞങ്ങൾ അസംഗെയുമായി ഒരു കൂടിക്കാഴ്ച നടത്തുകയുണ്ടായി. അന്നദ്ദേഹം അവിടെ വെറും നിലത്താണ് കിടന്നുറങ്ങിയത്) അസംഗെ ചോർത്തിയെടുക്കുന്ന വിവരങ്ങൾ വൻകിട പത്രങ്ങൾക്ക് ഭീമമായ തുകക്കാണ് അദ്ദേഹം വിൽക്കുന്നത് എന്നതാണ് മറ്റൊരു ദുഷ്പ്രചരണം.(ഞങ്ങൾ തമ്മിലുള്ള സംസാരത്തിന്നിടയിൽ പണത്തിന്റെ കാര്യം ഒരിക്കലും പരാമർശിക്കപ്പെട്ടിട്ടില്ല) പത്രങ്ങൾക്ക് അഭിമുഖ സംഭാഷണം അനുവദിക്കുന്നത് ഭീമമായ തുകകൾ വാങ്ങിയാണ് എന്നതാണ് മറ്റൊരാരോപണം. (ഈ അഭിമുഖങ്ങളിലൊന്നിലും പണം പരാമർശിക്കപ്പെട്ടിട്ടില്ല)

Reg. No.3551/93/L Dis Registered: KL/CR/TCR/347/2009-2011
Posted at R.M.S., Thrissur-21. Date of posting: 27-08-2010

ഈയിടെ വിക്കി ലീക്സ് ഒരു അമേരിക്കൻ സൈനിക രേഖ പ്രസിദ്ധീകരണത്തിന്നു നൽകുകയുണ്ടായി. വിക്കി ലീക്സിന്റെ വിശ്വാസ്യത എങ്ങനെ നശിപ്പിക്കാമെന്നതു സംബന്ധിച്ചുള്ളതാണ് ഈ രഹസ്യരേഖ. വിക്കി ലീക്സിന്റെ വിശ്വാസ്യത നശിപ്പിച്ചാൽ അതിന്റെ ആകർഷണ കേന്ദ്രം തകരുമെന്ന് ആ രേഖയിൽ പറയുന്നു.

ഇതെല്ലാം അങ്ങനെ നടക്കുന്നതിന്നിടയിൽ അപ്പുറത്ത് കുവൈറ്റിലെ ഏതോ തടങ്കൽ പാളയത്തിൽ മാനിങ് എന്ന ചെറുപ്പക്കാരൻ അമേരിക്കൻ സൈനിക നിയമപ്രകാരം വിചാരണക്ക് വിധേയമായിക്കൊണ്ടിരിക്കുകയാണ്. ഐസ്ലാൻഡിൽ നിന്നുള്ള കേബിൾ ചോർത്തിയതും റോയിട്ടർ ലേഖകന്മാരടക്കമുള്ള സിവിലിയന്മാരെ കൊന്ന വീഡിയോ ചിത്രം ചോർത്തിയതുമടക്കം എണ്ണമറ്റ രേഖകൾ കോടതിയുടെ വിചാരണ തീരുമ്പോൾ മാനിങ്ങിന്ന് കനത്ത ജീവപര്യന്തം തടവുശിക്ഷ ലഭിക്കുമെന്ന് ഉറപ്പാണ് - മനസ്സാക്ഷിക്കുത്തിന്നു കിട്ടുന്ന ശിക്ഷ.

എന്റെ പുതിയ ധീരപുരുഷനാണ് മാനിങ് എന്നാണ് എൽസ്ബർഗ് പറഞ്ഞത്.

വിക്കി ലീക്സിന്റെ ഒരു പ്രത്യേകത, അതൊരു രാഷ്ട്ര രഹിത വാർത്താ മാധ്യമമാണെന്നതാണ്. ബ്രിട്ടന്ന് ഹാനികരമാവുന്നതൊന്നും "ഗാർഡിയൻ" പ്രസിദ്ധീകരിക്കില്ല; കാരണം അതൊരു ബ്രിട്ടീഷ് പത്രമാണ്. അമേരിക്കക്ക് ഹാനികരമാകാവുന്നതൊന്നും ന്യൂയോർക്ക് ടൈംസ് പ്രസിദ്ധീകരിക്കില്ല; കാരണം അതൊരു അമേരിക്കൻ പത്രമാണ്. ഇത്തരത്തിൽ ഓരോ പത്രത്തിന്നും ഓരോ വിധേയത്വമുണ്ട്. എന്നാൽ വിക്കി ലീക്സിന്ന് ആരോടും ഒന്നിനോടും വിധേയത്വമില്ല. വിക്കി ലീക്സിന്റെ തലക്കെട്ടിൽ അതെവിടെ നിന്നു പ്രസിദ്ധീകരിക്കുന്നു എന്നു പറഞ്ഞിട്ടുണ്ട്- ആ സ്ഥലപ്പേര് "എല്ലായിടത്തുനിന്നും" എന്നാണ്. അതായത് ബ്രിട്ടനോടോ അമേരിക്കയോടോ ചീനയോടോ റഷ്യയോടോ മറ്റാരോടെങ്കിലുമോ ഒരു വിധേയത്വവുമില്ല.

അഴിമതി പുറത്തുകൊണ്ടുവന്നതിന്ന് ഇന്ത്യയിൽ ഒട്ടേറെപേർ കൊല്ലപ്പെട്ടിട്ടുണ്ട്. മേലിൽ ഇന്ത്യയിലും "എല്ലായിടത്തുനിന്നും" പ്രസിദ്ധീകരിക്കുന്ന വിക്കി ലീക്സ് അഴിമതികൾ ഒന്നൊന്നായി പുറത്തുകൊണ്ടുവന്നു തുടങ്ങും. നമ്മുടെ നേതാക്കന്മാരുടേയും, ഉദ്യോഗസ്ഥ പ്രമാണിമാരുടേയും പരിഭ്രമം എന്തായിരിക്കുമെന്ന് ഒന്നോർത്തു നോക്കൂ. ഇന്റർനെറ്റ് നിരോധിക്കണമെന്ന പ്രമേയം പാർലിമെന്റിലോ നിയമസഭയിലോ അവതരിപ്പിക്കണമെന്നുതന്നെ കരുതണം - അസാധ്യമായ കാര്യമാണെങ്കിലും.

തന്റെ ദൗത്യം നൂറുശതമാനവും ശരിയാണെന്നു വിശ്വസിക്കുന്ന ഒരു കിറുക്കനാണ് അസംഗെ. ലോകത്തിന്റെ നാനാഭാഗങ്ങളിലുമായി നൂറുകണക്കിന്നു വളണ്ടിയർമാർ വിക്കി ലീക്സിന്നുവേണ്ടി പണിയെടുക്കുന്നുണ്ട്. വിക്കി ലീക്സ് ധനസഹായത്തിന്ന്, നിയമസഹായത്തിന്ന്, സാങ്കേതിക സഹായത്തിന്ന് അഭ്യർത്ഥിക്കുന്നു. അതെല്ലാം സുലഭമായി കിട്ടുന്നുമുണ്ട്. ഏറ്റവുമധികം ആവശ്യം വളണ്ടിയർമാരെയാണ്. ❑

Printed and published by : **Adv. Seby J. Pullely for Niyama Samskara Kendram, Jananeethi**, P.B. No. 8, Thottappady, Mannuthy P.O., Thrissur - 680651. Tel: 487-2373479, Fax: 487-2373281, E-mail: gpneethi@sancharnet.in / gepuli@rediffmail.com www.jananeethi.org **Printing : St.Mary's Orphanage Offset Press, Thrissur. Ph : 2425062, 2446709**

**വരിസംഖ്യ**: വാർഷികം - 50 ക., ആയുഷ്കാലം - 1000 ക.